

# സാമൂഹ്യശാസ്ത്രം

ഭാഗം 2

## സ്റ്റാൻഡേർഡ് VI

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്


തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.



സാമൂഹ്യശാസ്ത്രം

*Prepared by*

**State Council of Educational Research and Training (SCERT)**

Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
First Edition - 2025
Printed at : KBPS, Kakkanad, Kochi
© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

ആറാം ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിന്റെ രണ്ടാം ഭാഗമാണിത്. അഞ്ച് യൂണിറ്റുകളാണ് ഈ ഭാഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ദക്ഷിണേന്ത്യയിലെ സാമൂഹിക രൂപീകരണവും സാംസ്കാരിക ജീവിതവും പ്രതിപാദ്യമാക്കിക്കൊണ്ടാണ് 'ദക്ഷിണേന്ത്യൻ ചരിത്രത്തിലേക്ക്' എന്ന യുണിറ്റ് ആരംഭിക്കുന്നത്. തുടർന്ന് പ്രാചീന കേരളത്തിൽ നിലനിന്നിരുന്ന ഭരണസംവിധാനങ്ങളെ കുറിച്ചും ഈ പാഠം ചർച്ച ചെയ്യുന്നു.

'ഭരണഘടനയ്ക്കൊരു മുഖവുര' എന്ന യൂണിറ്റിൽ ഭരണഘടന എന്ന ആശയത്തിന്റെ ഉദ്ഭവവും വികാസപരിണാമങ്ങളും വിശദമാക്കുന്നു. നമ്മുടെ ഭരണഘടനയുടെ ആമുഖവും ഇവിടെ പ്രതിപാദ്യ വിഷയമാണ്. സമുദ്രങ്ങളെ കുറിച്ച് അറിയുന്നതിനും അവയുടെ സവിശേഷതകൾ പരിചയപ്പെടുന്നതിനും 'സമുദ്രങ്ങളിലൂടെ' എന്ന യൂണിറ്റ് സഹായകമാകും. ബാങ്ക് എന്ന ധനകാര്യ സ്ഥാപനത്തെ കുറിച്ചും നിത്യ ജീവിതത്തിൽ അവയുടെ പ്രാധാന്യവും 'സ്വരുക്കൂട്ടാം... കരുതിവയ്ക്കാം...' എന്ന അധ്യായത്തിൽ പ്രതിപാദിക്കുന്നു. 'ജപ്പാൻ: ചരിത്രവും വർത്തമാനവും' എന്ന അവസാന യൂണിറ്റ് ജപ്പാന്റെ ചരിത്രവും സമകാലിക ലോകസമ്പദ്‌വ്യവസ്ഥയിൽ ജപ്പാന്റെ സ്ഥാനവും വിശദമായി ചർച്ച ചെയ്യുന്നു.

കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 നിർദേശിക്കുന്ന സാമൂഹ്യശാസ്ത്ര സമീപനങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ള ഈ പാഠപുസ്തകം സാമൂഹിക പ്രതിഭാസങ്ങളെ വിശകലനം ചെയ്യുന്നതിന് മുതൽക്കൂട്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മാനവരാശിയുടെ വിവിധ മേഖലകളിലെ വളർച്ചയും വികാസവും തിരിച്ചറിയുന്നതിനും അതുപയോഗിച്ചുള്ള അറിവുനിർമ്മാണം സാധ്യമാക്കുന്നതിനും ഈ പുസ്തകം സഹായിക്കും.

**ഡോ. ജയപ്രകാശ് ആർ. കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

## പാഠപുസ്തകരചനാസമിതി


**അഡ്വൈസർ**

**ഡോ. കെ. എൻ. ഗണേഷ്**
ചെയർമാൻ, കേരള കൗൺസിൽ ഫോർ
ഹിസ്റ്റോറിക്കൽ റിസർച്ച്

**ചെയർപേഴ്സൺ**

**ഡോ. അഭിലാഷ് കുമാർ കെ. ജി.**
അസിസ്റ്റന്റ് പ്രൊഫസർ
ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്,
ബി.ജെ.എം. ഗവ. കോളേജ്, ചവറ, കൊല്ലം

**വിദഗ്ധർ**

**ഡോ. നന്ദകുമാർ ബി. വി.**
അസിസ്റ്റന്റ് പ്രൊഫസർ
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
ശ്രീ നാരായണ കോളേജ്,
കൊല്ലം

**ഡോ. ആന്റണി പാലക്കൽ**
പ്രൊഫസർ & ഹെഡ് (റിട്ട)
ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി,
കേരള സർവകലാശാല,
തിരുവനന്തപുരം

**അംഗങ്ങൾ**

**ഡോ. അഞ്ജന വി. ആർ. ചന്ദ്രൻ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

**ബീന എസ്. നായർ**
യു.പി.എസ്.ടി., ജി.ജി.എച്ച്.എസ്.എസ്.,
മലയിൻകീഴ്, തിരുവനന്തപുരം

**അനിൽകുമാർ കെ.**
ഹെഡ്മാസ്റ്റർ
ജി.എച്ച്.എസ്. കണ്ടല, തിരുവനന്തപുരം

**പ്രിയ എസ്. എസ്.**
പി.ഡി. ടീച്ചർ, യു.പി.എസ്.ടി.,
ജി.ജി.എച്ച്.എസ്.എസ്. കോട്ടൺഹിൽ, തിരുവനന്തപുരം

**നിഷ ടി. എസ്.**
യു.പി.എസ്.ടി.
എസ്.എൻ.വി.യു.പി.എസ്., മരുതമൺപള്ളി, കൊല്ലം

**രാംദേവ് പി. ആർ.**
എച്ച്.എസ്.എസ്.ടി. ജിയോഗ്രഫി
ജി.എച്ച്.എസ്.എസ്., വെള്ളത്തൂവൽ, ഇടുക്കി

**പുഷ്പാംഗദൻ യു.**
യു.പി.എസ്.ടി. (റിട്ട.)
ജി.എച്ച്.എസ്.എസ്. അഞ്ചൽ (വെസ്റ്റ്) പുനലൂർ, കൊല്ലം

**ജോൺ കെ.**
യു.പി.എസ്.ടി. (റിട്ട.) ഗവ. വി & എച്ച്.എസ്.എസ്. ,
പാറശാല, തിരുവനന്തപുരം

**രാജൻ പി. പി.**
ട്രെയ്നർ,
ബി.ആർ.സി., മലപ്പുറം

**ചിത്രകാരർ**

**സുധീർ പി. വൈ.**, തിരുവനന്തപുരം
**ആൽബിൻ ഫ്രാൻസിസ്**, തിരുവനന്തപുരം
**ഹരികൃഷ്ണൻ ജി.**, കൊട്ടാരക്കര

**അക്കാദമിക് കോഡിനേറ്റർ**

**ഡോ. മഞ്ജു ശങ്കർ കെ.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി., കേരളം



**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


8 ദക്ഷിണേന്ത്യൻ ചരിത്രത്തിലേക്ക് .................... 111

9 ഭരണഘടനയ്ക്കൊരു മുഖവുര .................... 125

10 സമുദ്രങ്ങളിലൂടെ... .................... 137

11 സ്വരുക്കൂട്ടാം... കരുതിവയ്ക്കാം... .................... 151

12 ജപ്പാൻ: ചരിത്രവും വർത്തമാനവും .................... 164


ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി
ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു

- തുടർവായന
  (വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല)
- പ്രവർത്തനം
- ചർച്ച ചെയ്യാം
- റോൾപ്ലേ
- തുടർപ്രവർത്തനങ്ങൾ
- നിർമ്മിക്കാം
- ഐ.സി.ടി
- എഴുതാം
- പ്ലക്കാർഡ് നിർമാണം

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം"എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).



# 8

# ദക്ഷിണേന്ത്യൻ ചരിത്രത്തിലേക്ക്



കാറ്റാടിക്കുന്ന് ഗവ. യു.പി. സ്കൂളിലെ കുട്ടികൾ 'ചരിത്രശേഷിപ്പുകൾ തേടി' എന്ന പഠനയാത്രയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി, മുനിയാട്ടുകുന്ന്, കുടക്കല്ലുപറമ്പ് എന്നീ പ്രദേശങ്ങളും ശക്തൻ തമ്പുരാൻ മ്യൂസിയവും സന്ദർശിച്ചു. യാത്രയുടെ ഭാഗമായി ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തി റിച്ചു തയ്യാറാക്കിയ യാത്രാനുഭവത്തിന്റെ ഭാഗം പരിചയപ്പെടാം.

ചരിത്രശേഷിപ്പുകൾ തേടി ഒരു യാത്ര...

റിച്ചു എസ്

ക്ലാസ്: 6 ബി

ഗവ. യു പി എസ് കാറ്റാടിക്കുന്ന്

*നിരപ്പാർന്ന പ്രദേശത്തുനിന്ന് കുന്നിൻ മുകളിലേക്ക്... ചെറിയ കുറ്റിക്കാടുകൾ... ചെങ്കുത്തായ കയറ്റങ്ങൾ, പാറയിടുക്കുകൾ... ഇവയെല്ലാം കടന്നായിരുന്നു ഞങ്ങളുടെ യാത്ര. ഈ യാത്ര ഞങ്ങളെ ശരിക്കും അത്ഭുതപ്പെടുത്തി. ശിലകളാൽ നിർമ്മിക്കപ്പെട്ട കുടക്കല്ലുകൾ, തൊപ്പിക്കല്ലുകൾ, മുനിയറകൾ എന്നിവ വിവിധ സ്ഥലങ്ങളിലായി ഞങ്ങൾ കണ്ടു. കുടപോലിരിക്കുന്നവ കുടക്കല്ല്, തൊപ്പി പോലുള്ളവ തൊപ്പിക്കല്ല്, ഗുഹ പോലുള്ളവ മുനിയറകൾ... നിരവധി നൂറ്റാണ്ടുകൾക്ക് മുൻപ് ജീവിച്ചിരുന്ന മനുഷ്യരാൽ നിർമ്മിക്കപ്പെട്ടവയാണിവ. ഈ ചരിത്രശേഷിപ്പുകളെക്കുറിച്ച് ടീച്ചർ ഞങ്ങൾക്ക് വിശദമായി പറഞ്ഞുതന്നു.*

*ഇവയെക്കുറിച്ച് കൂടുതൽ അറിയാൻ തൃശ്ശൂർ പട്ടണത്തിലെ ശക്തൻ തമ്പുരാൻ മ്യൂസിയത്തിലേക്ക് ഞങ്ങൾ യാത്രയായി. വിവിധ സ്ഥലങ്ങളിലായി ഞങ്ങൾ കണ്ടതിന് സമാനമായ ശിലാസ്മാരകങ്ങളുടെ ശേഖരവും മാതൃകകളും അവയുടെ വിവരണവും മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നു. ഇത്തരം ശിലാസ്മാരകങ്ങളിൽ നിന്നും ശേഖരിച്ച ഇരുമ്പായുധങ്ങൾ, ഉപകരണങ്ങൾ, പാത്രങ്ങൾ, ആഭരണങ്ങൾ, നാണയങ്ങൾ എല്ലാം ഞങ്ങളെ വിസ്മയിപ്പിച്ചു...*

നിങ്ങളും ഇത്തരത്തിലുള്ള പഠനയാത്രകൾ പോയിട്ടില്ലേ? അതിന്റെ അനുഭവം എഴുതി അവതരിപ്പിക്കാറുണ്ടോ?

ഏതെല്ലാം ചരിത്രശേഷിപ്പുകളെക്കുറിച്ചാണ് റിച്ചു തന്റെ യാത്രാനുഭവത്തിലൂടെ വിവരിക്കുന്നത്?

- കുടക്കല്ല്
-
-

ഈ ചരിത്രശേഷിപ്പുകളെപ്പറ്റി കൂടുതൽ അന്വേഷണമായാലോ?

## മഹാശിലായുഗം

കരിങ്കല്ലിലും ചെങ്കല്ലിലും നിർമ്മിച്ച കുടക്കല്ല്, തൊപ്പിക്കല്ല്, മുനിയറകൾ തുടങ്ങിയവയാണ് മഹാശിലാസ്മാരകങ്ങൾ (Megalithic Monuments) എന്ന് അറിയപ്പെടുന്നത്. വലിയ ശിലകൾകൊണ്ടോ ശിലാപാളികൾ കൊണ്ടോ നിർമ്മിച്ചിരുന്നതിനാലാണ് ഇവയെ മഹാശിലാസ്മാരകങ്ങൾ എന്ന് വിളിക്കുന്നത്. ഇത്തരം ശിലാസ്മാരകങ്ങൾ നിർമ്മിക്കപ്പെട്ട കാലഘട്ടം 'മഹാശിലായുഗം' (Megalithic Age) എന്നും അറിയപ്പെടുന്നു.

മഹാശിലായുഗത്തിന്റെ തെളിവുകൾ ദക്ഷിണേന്ത്യയുടെ മിക്ക ഭാഗങ്ങളിലും കാണപ്പെടുന്നു. കേരളത്തിലെ മറയൂർ, ചേരമനങ്ങാട്, കുപ്പക്കൊല്ലി, മങ്ങാട്, തമിഴ്നാട്ടിലെ ആദിച്ചനല്ലൂർ, കർണ്ണാടകയിലെ ബ്രഹ്മഗിരി, ആന്ധ്രാപ്രദേശിലെ നാഗാർജുനകൊണ്ട തുടങ്ങിയ പ്രദേശങ്ങൾ ദക്ഷിണേന്ത്യയിലെ പ്രധാന മഹാശിലായുഗ കേന്ദ്രങ്ങളാണ്.

### ദക്ഷിണേന്ത്യ

ഇന്ത്യയുടെ തെക്കൻ സംസ്ഥാനങ്ങളായ കർണ്ണാടകം, തമിഴ്നാട്, കേരളം, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നിവയും കേന്ദ്രഭരണ പ്രദേശങ്ങളായ പുതുച്ചേരി, ലക്ഷദ്വീപ് എന്നിവയും ഉൾപ്പെടുന്ന ഭാഗമാണ് ദക്ഷിണേന്ത്യ.




**ചിത്രം 8.1**

മഹാശിലാസ്മാരകങ്ങൾ പ്രാചീനകാലത്തെ ശവസംസ്കാര രീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. മൃതശരീരാവശിഷ്ടങ്ങൾ അടക്കം ചെയ്യുന്നതിനാണ് ഇത്തരം ശിലാസ്മാരകങ്ങൾ നിർമ്മിച്ചിരുന്നത്. മഹാശിലാസ്മാരകങ്ങളിൽ നിന്ന് ഇരുമ്പായുധങ്ങൾ ധാരാളമായി കണ്ടെത്തിയതിനാൽ ഈ കാലഘട്ടത്തെ ഇരുമ്പുയുഗം എന്നും അറിയപ്പെടുന്നു. ശരീരാവശിഷ്ടങ്ങൾക്കൊപ്പം അവർ ഉപയോഗിച്ചിരുന്ന ആഭരണങ്ങൾ, ആയുധങ്ങൾ, ഉപകരണങ്ങൾ, പാത്രങ്ങൾ, നാണയങ്ങൾ എന്നിവയും മഹാശിലാസ്മാരകങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.

ദക്ഷിണേന്ത്യയിലെ മഹാശിലാസ്മാരകങ്ങളുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന വർക്ക്ഷീറ്റ് പൂർത്തിയാക്കൂ.

| | | |
|---|---|---|
| പ്രധാന മഹാശിലാസ്മാരക കേന്ദ്രങ്ങൾ | • കേരളം<br>• തമിഴ്നാട്<br>• ആന്ധ്രാപ്രദേശ്<br>• കർണ്ണാടകം | – മറയൂർ<br>–<br>–<br>– |
| ദക്ഷിണേന്ത്യയിലെ പ്രധാന മഹാശിലാസ്മാരകങ്ങൾ | • കുടക്കല്ല്<br>• | •<br>• |
| ശരീരാവശിഷ്ടങ്ങൾക്കൊപ്പം അടക്കം ചെയ്തിരുന്ന വസ്തുക്കൾ | •<br>• | •<br>• |

## ദക്ഷിണേന്ത്യയിലെ ഇരുമ്പുയുഗം



ചിത്രം 8.2 തമിഴ്നാട്ടിലെ ആദിച്ചനല്ലൂരിൽ നിന്നും കണ്ടെത്തിയ ഇരുമ്പായുധങ്ങളും ഉപകരണങ്ങളും

ഇരുമ്പുയുഗത്തിൽ ഉപയോഗിച്ചിരുന്ന വ്യത്യസ്ത ആകൃതിയിലും വലുപ്പത്തിലുമുള്ള ആയുധങ്ങളുടെയും ഉപകരണങ്ങളുടെയും ചിത്രം നിരീക്ഷിക്കൂ.

ഇരുമ്പുകൊണ്ട് നിർമ്മിച്ച കത്തി, വാൾ, അരിവാൾ, കുന്തമുന, മുക്കാലിപീഠം, വിളക്കുകൾ മുതലായവ ഇതിൽ ഉൾപ്പെടുന്നു. ഇരുമ്പിന്റെ ഉപയോഗം മഹാശിലായുഗത്തിലെ കാർഷിക പുരോഗതിക്ക് സഹായകമായി. ഭക്ഷണശേഖരണത്തിൽ നിന്നും ഭക്ഷ്യോൽപാദനത്തിലേയ്ക്ക് പുരോഗമിച്ച ഒരു ജനതയുടെ നിർമ്മിതിയാണ് മഹാശിലാസംസ്കാരം.

## ദക്ഷിണേന്ത്യയിലെ രാഷ്ട്രരൂപീകരണം




ഭൂപടം 8.1 പ്രാചീന തമിഴകം

ഭൂപടം 8.1 നിരീക്ഷിക്കൂ. ഭൂപടത്തിൽ നിറം നൽകിയിരിക്കുന്ന പ്രദേശങ്ങൾ ഇന്ന് ഏതൊക്കെ സംസ്ഥാനങ്ങളിലാണെന്ന് കണ്ടെത്തൂ.

- കർണ്ണാടകം
- 
- 
- 

ഭൂപടത്തിൽ നിറം നൽകിയിരിക്കുന്ന ദക്ഷിണേന്ത്യൻ പ്രദേശം പ്രാചീനകാലത്ത് 'തമിഴകം' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പ്രാചീന തമിഴകത്തെക്കുറിച്ച് വിവരം ലഭിക്കുന്ന പ്രധാന ചരിത്രസ്രോതസ്സുകളാണ് പഴന്തമിഴ്പാട്ടുകൾ, നാണയങ്ങൾ, സഞ്ചാരക്കുറിപ്പുകൾ, ലിഖിതങ്ങൾ മുതലായവ. ഇവയിൽ ഏറ്റവും കൂടുതൽ വിവരങ്ങൾ ലഭിക്കുന്നത് പഴന്തമിഴ് പാട്ടുകളുടെ സമാഹാരമായ സംഘസാഹിത്യ കൃതികളിൽ നിന്നാണ്.

## സംഘസാഹിത്യം

"യാതും ഊരെ യാവരും കേളിർ

തീതും നന്റും പിറർ തര വാരാ"

- പുറനാനൂറ്

(എല്ലാം നമ്മുടെ നാട് തന്നെയാണ്, എല്ലാവരും നമ്മുടെ സഹോദരങ്ങളാണ്. തിന്മയോ നന്മയോ ഒന്നും തന്നെ മറ്റുള്ളവരിൽ നിന്ന് നമുക്ക് ലഭിക്കുന്നതല്ല.)

സംഘസാഹിത്യ കൃതിയായ പുറനാനൂറിലെ വരികളാണ് മുകളിൽ നൽകിയിരിക്കുന്നത്. മധുര കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന തമിഴ് കവികളുടെ കൂട്ടായ്മയായിരുന്നു സംഘങ്ങൾ. ഈ സംഘങ്ങൾ അന്നത്തെ ഗായകരുടെ പാട്ടുകൾ ശേഖരിച്ച് സൂക്ഷിച്ചിരുന്നു. അതിനാൽ ഈ പാട്ടുകൾ 'സംഘം കൃതികൾ' എന്നും ഈ കാലഘട്ടത്തെ 'സംഘകാലം' എന്നും വിശേഷിപ്പിക്കുന്നു. പുറനാനൂറ് പോലെ നിരവധി സാഹിത്യകൃതികൾ സംഘകാലഘട്ടത്തിൽ രചിക്കപ്പെട്ടിരുന്നു. അവയിൽ ചില പ്രധാന കൃതികളെ പരിചയപ്പെടാം.

**സംഘം കൃതികൾ**

സംഘം കൃതികളെ പൊതുവിൽ അകം പാട്ടുകൾ എന്നും പുറം പാട്ടുകൾ എന്നും രണ്ടായി തിരിച്ചിട്ടുണ്ട്. കുടുംബ ജീവിതത്തെയും സാമൂഹ്യ ജീവിതത്തെയും പരാമർശിക്കുന്നവയാണ് അകംപാട്ടുകൾ. സാമ്പത്തികവും രാഷ്ട്രീയവും സൈനികവുമായ ജീവിതത്തെ പരാമർശിക്കുന്നവയാണ് പുറംപാട്ടുകൾ.




സംഘസാഹിത്യ കൃതികൾക്ക് പുറമെ പ്രാചീന തമിഴകത്തെക്കുറിച്ച് വിവരം ലഭിക്കുന്ന മറ്റ് തമിഴ് സാഹിത്യ കൃതികളാണ് തിരുക്കുറൽ, ചിലപ്പതികാരം, മണിമേഖല എന്നിവ.

**തിരുക്കുറൽ**

തമിഴ് സാഹിത്യത്തിലെ അനശ്വര കൃതികളിലൊന്നാണ് തിരുക്കുറൽ. തിരുവള്ളുവർ ആണ് ഈ ഗ്രന്ഥത്തിന്റെ രചയിതാവ്.

**ചിലപ്പതികാരം**

കണ്ണകിയുടെയും കോവലന്റെയും കഥപറയുന്ന ചിലപ്പതികാരത്തിന്റെ രചയിതാവ് ഇളങ്കോ അടികളാണ്.

**മണിമേഖല**

കോവലന്റെയും മാധവിയുടെയും മകളായ മണിമേഖലയുടെ കഥപറയുന്ന കൃതിയാണ് മണിമേഖല. ചീത്തലൈ ചാത്തനാർ ആണ് മണിമേഖല രചിച്ചത്.

പ്രാചീന തമിഴകത്തെക്കുറിച്ച് വിവരം ലഭിക്കുന്ന പ്രധാന സ്രോതസ്സുകൾ പട്ടികപ്പെടുത്തൂ.

- സംഘം കൃതികൾ
- 
- 
- 

## സംഘകാലത്തെ സാമൂഹിക-സാമ്പത്തിക ജീവിതം

സംഘം കൃതികൾ ഉൾപ്പെട്ട പഴന്തമിഴ് പാട്ടുകളിൽ പ്രാചീന തമിഴകത്തെ ജനജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. സാമൂഹിക ജീവിതം, കൃഷി, കാലിമേയ്ക്കൽ, ഉപ്പുകുറുക്കൽ, വിഭവങ്ങളുടെ കൈമാറ്റം എന്നിവയെക്കുറിച്ചെല്ലാം ഈ പാട്ടുകളിൽ പരാമർശമുണ്ട്. സംഘകാലത്തെ സാമൂഹിക-സാമ്പത്തിക ജീവിതത്തിലെ സവിശേഷതകൾ എന്തൊക്കെയാണെന്ന് നമുക്ക് പരിശോധിക്കാം.

**സാമൂഹിക ജീവിതം**

- തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള സാമൂഹിക വിഭജനം നിലനിന്നിരുന്നു.
- സാമൂഹികമായ വേർതിരിവുകൾ ഉണ്ടായിരുന്നില്ല.
- സ്ത്രീ പുരുഷ സമത്വം നിലനിന്നിരുന്നു.

**സാമ്പത്തിക ജീവിതം**

- കൃഷിയായിരുന്നു പ്രധാന ഉപജീവന മാർഗം. കന്നുകാലി മേയ്ക്കൽ, മീൻപിടുത്തം, വേട്ടയാടൽ എന്നിവ മറ്റ് ഉപജീവനമാർഗങ്ങളായിരുന്നു.
- വിദേശരാജ്യങ്ങളുമായി വ്യാപാരബന്ധം നിലനിന്നിരുന്നു.
- കുരുമുളകും മറ്റ് സുഗന്ധവ്യഞ്ജനങ്ങളുമായിരുന്നു പ്രധാനമായും വിദേശികൾ വാങ്ങിയിരുന്നത്. ചെമ്പ്, വെള്ളി, സ്വർണ്ണം മുതലായവ അവർ ഇവിടേക്ക് കൊണ്ടുവന്നിരുന്നു.

സംഘകാല സാമൂഹികജീവിതത്തെ സമകാലിക സാമൂഹികജീവിതവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

## തിണകൾ

ഭൂപ്രകൃതിയെ അടിസ്ഥാനമാക്കി പ്രാചീന തമിഴകത്തിൽ അഞ്ച് ഭൂവിഭാഗങ്ങൾ നിലനിന്നിരുന്നതായി സംഘം കൃതികളിൽ പരാമർശിക്കുന്നു. ഇവ 'ഐന്തിണകൾ' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഓരോ തിണയിലെയും ജനങ്ങളുടെ ജീവിതരീതിയും ഉപജീവനവും തിണകളുടെ ഭൂമിശാസ്ത്ര സവിശേഷതകൾക്കനുസരിച്ച് വ്യത്യസ്തമായിരുന്നു.

| തിണകൾ | ഭൂമിശാസ്ത്ര സവിശേഷതകൾ | ഉപജീവന മാർഗങ്ങൾ |
|---|---|---|
| കുറിഞ്ചി | കാട്, മല | വനവിഭവ ശേഖരണം, വേട്ടയാടൽ |
| മുല്ലൈ | പുൽമേടുകൾ, കുറ്റിക്കാടുകൾ | കന്നുകാലി മേയ്ക്കൽ |
| പാലൈ | വരണ്ടപ്രദേശം | കൊള്ളയും കവർച്ചയും |
| മരുതം | വയൽപ്രദേശം | കൃഷി |
| നെയ്തൽ | തീരപ്രദേശം | മീൻപിടുത്തം, ഉപ്പുകുറുക്കൽ |

ഓരോ തിണയിലും ഉൽപാദിപ്പിച്ചിരുന്ന വിഭവങ്ങൾ മറ്റ് തിണകളുമായി കൈമാറ്റം ചെയ്യപ്പെട്ടിരുന്നു. ഇത്തരം വിഭവക്കൈമാറ്റം വ്യാപാരകേന്ദ്രങ്ങളുടെ രൂപീകരണത്തിലേക്ക് നയിച്ചു. ഈ വ്യാപാര കേന്ദ്രങ്ങൾ അങ്ങാടികൾ എന്നാണ് അറിയപ്പെട്ടിരുന്നത്.

### അങ്ങാടികൾ

പ്രാചീന തമിഴകത്തെ അങ്ങാടികളായിരുന്നു അല്ലലാവണവും നാളങ്ങാടിയും. അല്ലലാവണം അന്തിച്ചന്തയും നാളങ്ങാടി പകൽ ചന്തയുമായിരുന്നു. തിണകളിലെ ദൈനംദിന ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ ഇവിടെ കൈമാറ്റം ചെയ്തിരുന്നു.

തിണകളുടെ പേരുകൾക്കനുസരിച്ച് അഞ്ച് ഗ്രൂപ്പുകളായി തിരിഞ്ഞ് അവയുടെ ഭൂമിശാസ്ത്ര സവിശേഷതകൾ, ഉപജീവനം എന്നിവ ഉൾപ്പെടുത്തി സ്കിറ്റ് തയ്യാറാക്കി അവതരിപ്പിക്കൂ.

## രാഷ്ട്രീയ വ്യവസ്ഥ

ഭൂപടം 8.1 നിരീക്ഷിക്കൂ. പ്രാചീന തമിഴകത്തിൽ ഭരണം നടത്തിയിരുന്നത് ആരൊക്കെയാണെന്ന് ഭൂപടത്തിൽ നിന്നും കണ്ടെത്തൂ.

- ചേരർ
- 
- 

പ്രാചീന തമിഴകം ഭരിച്ചിരുന്ന ചേര-ചോള-പാണ്ഡ്യ ഭരണാധികാരികളെ ഒന്നായി 'മൂവേന്തർ' അഥവാ 'മൂവരശർ' എന്നാണ് അറിയപ്പെട്ടിരുന്നത്. തമിഴകത്തിൽ നിരവധി ഭരണകൂടങ്ങൾ നിലനിന്നിരുന്നുവെങ്കിലും മൂവേന്തർക്കായിരുന്നു അധികാരപദവി ഉണ്ടായിരുന്നത്. ഈ രാജാക്കന്മാരെ 'കോ', 'കോൻ', 'കടുംകോ' എന്നും വിളിച്ചിരുന്നു.

ഭൂപടം 8.1 നിരീക്ഷിച്ച് മൂവേന്തർമാരും അവരുടെ തലസ്ഥാനങ്ങളും പട്ടികപ്പെടുത്തൂ.

| മൂവേന്തർ | തലസ്ഥാനം |
|---|---|
| • | • |
| • | • |
| • | • |

സംഘകാലത്തിനുശേഷം ചേരരുടെ നിയന്ത്രണത്തിൻ കീഴിലായ പ്രദേശങ്ങൾ പിൽക്കാലത്ത് പെരുമാക്കന്മാരുടെ ഭരണത്തിൻ കീഴിലായി.

## മഹോദയപുരത്തെ പെരുമാക്കൾ

സി. ഇ. ഒമ്പതാം നൂറ്റാണ്ടിൽ ഇന്നത്തെ കൊടുങ്ങല്ലൂരിനടുത്തുള്ള മഹോദയപുരം (മകോതൈ) കേന്ദ്രമാക്കി പെരുമാൾ ഭരണം സ്ഥാപിക്കപ്പെട്ടു. പെരുമാക്കൾ പിൽക്കാല ചേരർ എന്ന് അറിയപ്പെട്ടു. ഇവിടുത്തെ രാജാക്കന്മാർ പെരുമാൾ, ചേരമാൻ, കുലശേഖര എന്നിങ്ങനെയുള്ള സ്ഥാനപ്പേരുകൾ സ്വീകരിച്ചിരുന്നു.

### മഹോദയപുരം

സി.ഇ. ഒമ്പതാം നൂറ്റാണ്ട് മുതൽ പന്ത്രണ്ടാം നൂറ്റാണ്ടിന്റെ തുടക്കം വരെ ഭരണം നടത്തിയിരുന്ന പെരുമാക്കന്മാരുടെ തലസ്ഥാനമായിരുന്നു മഹോദയപുരം. വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും പ്രമുഖകേന്ദ്രം എന്ന നിലയിൽ ദക്ഷിണേന്ത്യയിലെങ്ങും പ്രസിദ്ധമായിരുന്നു മഹോദയപുരം. രാമരാജശേഖരൻ, സ്ഥാണു രവി, ഇന്ദുക്കോത, ഭാസ്കര രവി എന്നിവർ ഇവിടുത്തെ പ്രധാന ഭരണാധികാരികളായിരുന്നു.

## പെരുമാൾ ഭരണം

പെരുമാൾ ഭരണകാലത്ത് രാജ്യത്തെ വിവിധ നാടുകളായി തിരിച്ചിരുന്നു. നാടുകളെ ദേശങ്ങളായും ദേശങ്ങളെ കരകളായും വിഭജിച്ചിരുന്നു. നാടുകളുടെ ഭരണം നാടുവാഴികളും ദേശങ്ങളുടെ ഭരണം ദേശവാഴികളുമാണ് നിർവഹിച്ചിരുന്നത്. ദേശവാഴികൾ ജനകീയ സ്വഭാവമുള്ള ദേശക്കൂട്ടങ്ങളുടെ നിയന്ത്രണത്തിലായിരുന്നു ഭരിച്ചിരുന്നത്. കരകളുടെ ഭരണം നിർവഹിച്ചിരുന്നത് പഞ്ചായത്തുകളായിരുന്നു. ഭരണതലത്തിൽ ഏറ്റവും ഉയർന്ന സ്ഥാനം പെരുമാളിനായിരുന്നു.

പെരുമാൾ ഭരണവുമായി ബന്ധപ്പെട്ട ആശയപടം പൂർത്തിയാക്കൂ.

| | |
|---|---|
| പെരുമാൾ രാജ്യം | പെരുമാൾ |
| നാടുകൾ | ........................................ |
| ദേശങ്ങൾ | ........................................ |
| കരകൾ | ........................................ |

## സാമ്പത്തിക പുരോഗതി

ശക്തമായൊരു സാമ്പത്തിക അടിത്തറ പെരുമാൾ ഭരണകാലഘട്ടത്തിൽ ഉണ്ടായിരുന്നു. കൃഷിയോടൊപ്പം വാണിജ്യവും അക്കാലത്ത് അഭിവൃദ്ധി പ്രാപിച്ചിരുന്നു. വിദേശരാജ്യങ്ങളുമായുള്ള സുഗന്ധവ്യഞ്ജന വ്യാപാരവും തുറമുഖങ്ങൾ വഴി ലഭിച്ചിരുന്ന ചുങ്കവും (നികുതി) പെരുമാൾ രാജ്യത്തിന്റെ സാമ്പത്തിക മാറ്റങ്ങൾക്ക് കാരണമായി. അക്കാലത്ത് ദക്ഷിണേന്ത്യയിൽ ആകമാനം നിലവിലുണ്ടായിരുന്ന അഞ്ചുവണ്ണം, മണിഗ്രാമം, വളഞ്ചിയർ, നാനാദേശികൾ തുടങ്ങിയ കച്ചവട സംഘങ്ങളുടെ വാണിജ്യപ്രവർത്തനം ഈ മേഖലയുടെ സാമ്പത്തിക പുരോഗതിക്ക് സഹായകമായി.

## സാംസ്കാരിക ജീവിതം

പെരുമാൾ ഭരണകാലത്ത് സാംസ്കാരിക രംഗത്തും വളരെയധികം മാറ്റങ്ങളുണ്ടായി.




- കാർഷിക ഗ്രാമങ്ങളുടെ കേന്ദ്രം എന്ന നിലയിൽ ക്ഷേത്രങ്ങൾ സാംസ്കാരിക ജീവിതത്തിന്റെ പ്രധാന സ്ഥാപനമായി മാറി.
- ജനനം മുതൽ ഒരേ തൊഴിൽ തന്നെ ഓരോരുത്തരും പരമ്പരാഗതമായി ചെയ്തുവന്നതിനാൽ ജാതി വ്യവസ്ഥ രൂപപ്പെട്ടു.
- വാസ്തുവിദ്യ, ശില്പകല, ചിത്രകല, വാദ്യകല, നൃത്തം, സംഗീതം എന്നിങ്ങനെ വിവിധ കലകൾ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് വികാസം പ്രാപിച്ചു.
- അനുഷ്ഠാനകലകളായ കൂത്തും കൂടിയാട്ടവും ഈ കാലയളവിൽ വികാസം പ്രാപിച്ചവയാണ്.



ചിത്രം 8.3 കൂത്ത്



ചിത്രം 8.4 കൂടിയാട്ടം

> പെരുമാൾ ഭരണകാലത്തെ സാംസ്കാരിക രംഗത്തെ മാറ്റങ്ങൾ സൂചിപ്പിക്കുന്ന ചിത്രങ്ങൾ ശേഖരിച്ച് അടിക്കുറിപ്പോടുകൂടി ആൽബം/ഡിജിറ്റൽ ആൽബം തയ്യാറാക്കൂ.

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ പെരുമാക്കന്മാരുടെ ഭരണം ശിഥിലമായി. അതോടെ അവരുടെ ഭരണത്തിൻ കീഴിലുണ്ടായിരുന്ന പ്രദേശങ്ങളുടെ രാഷ്ട്രീയ ഐക്യം നഷ്ടപ്പെട്ടു. തുടർന്ന് പെരുമാക്കന്മാരുടെ ഭാഗമായിരുന്ന പല നാടുകളും സ്വതന്ത്രമായി.

## നാടുവാഴി സ്വരൂപങ്ങൾ

പെരുമാക്കന്മാരുടെ ഭാഗമായിരുന്ന നാടുകൾ പിൽക്കാലത്ത് നാടുവാഴികളുടെ കീഴിൽ നാടുവാഴി സ്വരൂപങ്ങൾ എന്ന് അറിയപ്പെട്ടു. മരുമക്കത്തായ സമ്പ്രദായം അനുസരിച്ച് നിലനിന്നിരുന്ന സ്വയംഭരണ പ്രദേശങ്ങളായിരുന്നു സ്വരൂപങ്ങൾ. മരുമക്കത്തായത്തെ അടിസ്ഥാനമാക്കിയ കൂട്ടുകുടുംബങ്ങളായിരുന്നു സ്വരൂപങ്ങളെ നിയന്ത്രിച്ചിരുന്നത്.

> **മക്കത്തായവും മരുമക്കത്തായവും**
>
> പണ്ടുകാലത്ത് കേരളത്തിൽ നിലനിന്നിരുന്ന പിന്തുടർച്ചാവകാശ രീതികളാണ് മക്കത്തായവും മരുമക്കത്തായവും. പിന്തുടർച്ചാവകാശം പിതാവിൽ നിന്ന് മക്കൾക്ക് കൈമാറ്റം ചെയ്യുന്ന രീതിയായിരുന്നു മക്കത്തായം. എന്നാൽ പിൻതുടർച്ചാവകാശം സഹോദരിയുടെ പുത്രന്മാർക്ക് കൈമാറ്റം ചെയ്യുന്ന രീതിയായിരുന്നു മരുമക്കത്തായം.

നാടുവാഴി സ്വരൂപങ്ങളിൽ പ്രധാനപ്പെട്ടവയായിരുന്നു കോലത്തുനാട് (കണ്ണൂർ), നെടിയിരുപ്പ് (കോഴിക്കോട്), പെരുമ്പടപ്പ് (കൊച്ചി), തൃപ്പാപ്പൂർ (വേണാട്) എന്നിവ. നാടുവാഴി ഭരണത്തിന്റെ വ്യാപനത്തോടെ ജന്മി സമ്പ്രദായം വ്യാപകമായി. മധ്യകാല കേരളത്തിലെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ വ്യവസ്ഥകളെ നിയന്ത്രിച്ചിരുന്ന സംവിധാനമായിരുന്നു ജന്മി സമ്പ്രദായം. ജന്മിസമ്പ്രദായത്തിന്റെ വ്യാപനത്തിന്റെ ഫലമായാണ് നാടുവാഴി സ്വരൂപങ്ങൾ ഉയർന്നുവന്നത്.




ഭൂപടം 8.2 പ്രധാന നാടുവാഴി സ്വരൂപങ്ങൾ

### മധ്യകാല കേരളത്തിലെ നാടുകൾ




ഭൂപടം 8.2 നിരീക്ഷിച്ച് കേരളത്തിൽ നിലനിന്നിരുന്ന പ്രധാന നാടുവാഴി സ്വരൂപങ്ങൾ ഏതെല്ലാം എന്ന് ലിസ്റ്റ് ചെയ്യൂ.

- 
- 
- 
- 

പ്രധാന നാടുവാഴി സ്വരൂപങ്ങളെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പരിചയപ്പെടാം.

- **കോലത്തുനാട് സ്വരൂപം**
  - കണ്ണൂർ കേന്ദ്രമാക്കി ഭരണം
  - ഭരണാധികാരി 'കോലത്തിരി' എന്ന് അറിയപ്പെട്ടിരുന്നു.
- **നെടിയിരുപ്പ് സ്വരൂപം**
  - കോഴിക്കോട് കേന്ദ്രമാക്കി ഭരണം
  - ഭരണാധികാരി 'സാമൂതിരി' എന്ന് അറിയപ്പെട്ടിരുന്നു.
  - മാമാങ്കത്തിന്റെ രക്ഷാപുരുഷ സ്ഥാനം ലഭിച്ചതോടെ സാമൂതിരിയുടെ പ്രശസ്തി വർധിച്ചു.
- **പെരുമ്പടപ്പ് സ്വരൂപം**
  - കൊടുങ്ങല്ലൂർ പ്രദേശമാണ് പെരുമ്പടപ്പ് സ്വരൂപമായി മാറിയത്.
  - പിൽക്കാലത്ത് കൊച്ചി രാജവംശം എന്ന പേരിൽ അറിയപ്പെട്ടു.
- **തൃപ്പാപ്പൂർ സ്വരൂപം (വേണാട്)**
  - കേരളത്തിന്റെ തെക്കേ അറ്റത്തായി സ്ഥിതിചെയ്തിരുന്ന സ്വരൂപം.
  - പിന്നീട് തിരുവിതാംകൂർ എന്ന പ്രബല നാട്ടുരാജ്യമായി പരിണമിച്ചു.

വേണാട് തിരുവിതാംകൂർ എന്ന ശക്തമായ ഒരു നാട്ടുരാജ്യമായി വികാസം പ്രാപിച്ചത് അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയുടെ കാലത്തായിരുന്നു. ശക്തൻ തമ്പുരാനാണ് പെരുമ്പടപ്പ് സ്വരൂപത്തെ കൊച്ചിരാജ്യമാക്കി മാറ്റിയത്.

മാർത്താണ്ഡവർമ്മയുടെയും ശക്തൻ തമ്പുരാന്റെയും ചില പരിഷ്കാരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നത് നിരീക്ഷിക്കൂ.

**മാമാങ്കം**

ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായയിൽ പന്ത്രണ്ട് വർഷത്തിലൊരിക്കൽ കൊണ്ടാടിയിരുന്ന ഉത്സവമാണ് മാമാങ്കം. വള്ളുവനാട്ടിലെ ഭരണാധികാരിയായിരുന്ന വള്ളുവക്കോനാതിരിയിൽ നിന്നും മാമാങ്കത്തിന്റെ രക്ഷാപുരുഷ സ്ഥാനം പിൽക്കാലത്ത് സാമൂതിരി പിടിച്ചെടുത്തു.

| അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ |
|---|
| ഭൂപ്രമാണിമാരായ എട്ടുവീട്ടിൽ പിള്ളമാരെയും മാടമ്പിമാരെയും അമർച്ചചെയ്തു |
| രാജ്യത്തെ ഭൂമി അളന്ന് തിട്ടപ്പെടുത്തി |
| തൃപ്പടിദാനം നടത്തി |

| ശക്തൻ തമ്പുരാൻ |
|---|
| നാടുവാഴികളെ അമർച്ച ചെയ്തു |
| വാണിജ്യകേന്ദ്രങ്ങൾ ആരംഭിച്ചു |
| തൃശ്ശൂർ പൂരത്തിന് തുടക്കം കുറിച്ചു. |

**തൃപ്പടിദാനം**

1750 ജനുവരി 3-ാം തീയതിയാണ് അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ തൃപ്പടിദാനം നടത്തിയത്. തിരുവിതാംകൂറിന്റെ കുലദൈവമായിരുന്ന ശ്രീപത്മനാഭന് തന്റെ അധികാരത്തിന്റെ അടയാളമായ ഉടവാൾ അടിയറവച്ച് അദ്ദേഹം പത്മനാഭദാസനായി മാറിയതാണ് തൃപ്പടിദാനം എന്ന് അറിയപ്പെടുന്നത്. അതിരുകവിഞ്ഞ ഭൂപ്രഭുത്വ ഭീഷണിയെ നേരിടുന്നതിനുവേണ്ടി മാർത്താണ്ഡവർമ്മ തിരുവിതാംകൂർ ഭരണത്തിൽ വരുത്തിയ മാറ്റത്തിന്റെ ഭാഗമായിരുന്നു ഇത്.

പ്രാചീന തമിഴകത്തിന്റെ ഭാഗമായിരുന്ന കേരളം പെരുമാക്കന്മാരുടെ ഭരണത്തോടെ ഒരു പ്രത്യേക രാഷ്ട്രീയ മേഖലയായി രൂപപ്പെട്ടു. എന്നാൽ പെരുമാൾ ഭരണത്തിന്റെ തകർച്ച ആ രാഷ്ട്രീയ ഐക്യത്തെ ശിഥിലമാക്കി. സ്വതന്ത്ര സ്വയംഭരണ പ്രദേശങ്ങളായി നാടുവാഴിസ്വരൂപങ്ങൾ രൂപപ്പെട്ടത് മധ്യകാല കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ബന്ധങ്ങളെ മാറ്റിമറിച്ചു. പിൽക്കാലത്ത് ഈ നാടുവാഴി സ്വരൂപങ്ങളിൽ നിന്ന് രൂപപ്പെട്ട നാട്ടുരാജ്യങ്ങൾ ഏകീകരിക്കപ്പെട്ടാണ് ഇന്നത്തെ കേരളം രൂപീകൃതമായത്.

## തുടർപ്രവർത്തനങ്ങൾ

- കേരളത്തിലെ മഹാശിലാസ്മാരകങ്ങളുടെ ചിത്രങ്ങളും വിവരങ്ങളും ശേഖരിച്ച് ആൽബം/ ഡിജിറ്റൽ ആൽബം തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കൂ.
- സംഘകാല സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ജീവിതത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിക്കൂ.

  ഉപവിഷയങ്ങൾ

  - സാമൂഹിക ജീവിതം
  - സാമ്പത്തിക ജീവിതം
  - തിണകൾ
  - രാഷ്ട്രീയ വ്യവസ്ഥ

- സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ മഹാശിലാസ്മാരകങ്ങളുടെ മാതൃകകൾ നിർമ്മിച്ച് സ്കൂളിൽ പ്രദർശിപ്പിക്കൂ.
- പെരുമാൾ ഭരണകാലത്ത് വികാസം പ്രാപിച്ച വിവിധ കലകളുമായി ബന്ധപ്പെട്ട ചിത്രങ്ങളും വിവരങ്ങളും ശേഖരിച്ച് വീഡിയോ പ്രസന്റേഷൻ തയ്യാറാക്കൂ.

  *സൂചനകൾ:*
  വാസ്തു വിദ്യ, ശില്പകല, ചിത്രകല, വാദ്യകല, നൃത്തം, സംഗീതം മുതലായവ








ഭാരതത്തിന്റെ ഭരണഘടന

ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1][പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി] സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 9

# ഭരണഘടനയ്ക്കൊരു മുഖവുര



ചിത്രം 9.1

മുകളിൽ കൊടുത്തിട്ടുള്ള ചിത്രങ്ങൾ ശ്രദ്ധിക്കൂ.

ഇതിൽ സമൂഹത്തിന് അഭികാമ്യമായ പെരുമാറ്റം സൂചിപ്പിക്കുന്ന ചിത്രങ്ങളിൽ ഇമോജി വരച്ചു ചേർക്കൂ.

ഏതൊക്കെ ചിത്രങ്ങളിലാണ് നിങ്ങൾ ഇമോജി വരച്ചുചേർത്തത്? എന്തുകൊണ്ട്?

ഏതൊരു സമൂഹത്തിനും സുഗമമായും സ്വസ്ഥമായും ജീവിക്കുന്നതിനും പുരോഗതി കൈവരിക്കുന്നതിനും നിയമങ്ങളും ചട്ടങ്ങളും പാലിക്കേണ്ടത് അത്യാവശ്യമാണ്.

വിദ്യാലയങ്ങളിലും പൊതു ഇടങ്ങളിലുമൊക്കെ ചില നിയമങ്ങൾ അനുസരിച്ചാണ് നമ്മൾ പ്രവർത്തിക്കുന്നതെന്ന് മുൻക്ലാസുകളിൽ നിങ്ങൾ പരിചയപ്പെട്ടിട്ടുണ്ടല്ലോ.

വളരെ വിശാലമായ ഭൂപ്രദേശമുള്ള, ധാരാളം ജനസംഖ്യയുള്ള, പല വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ ഒന്നിച്ച് താമസിക്കുന്ന രാജ്യമാണ് നമ്മുടേത്. ചില നിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളുമനുസരിച്ചാണ് ഇത്തരം വൈവിധ്യങ്ങളുള്ള നമ്മുടെ രാജ്യം മുന്നോട്ടുപോകുന്നത്. ഇതുപോലെ മിക്ക രാജ്യങ്ങൾക്കും അവയുടെ നിലനിൽപ്പിനും ഭരണത്തിനും സഹായിക്കുന്ന അടിസ്ഥാന തത്വങ്ങളടങ്ങിയ ഒരു ഏകീകൃത രേഖയുണ്ട്. ഇതാണ് ഭരണഘടന.

> ഒരു രാഷ്ട്രത്തിലെ ഗവൺമെന്റിന്റെ സംഘാടനത്തിനും പ്രവർത്തനത്തിനും ആവശ്യമായ അടിസ്ഥാന നിയമങ്ങൾ, തത്വങ്ങൾ, വ്യവസ്ഥകൾ എന്നിവയടങ്ങിയ ആധികാരിക രേഖയാണ് ഭരണഘടന.

പാലവിള യു.പി. സ്കൂളിലെ കുട്ടികൾ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മുതിർന്ന അഭിഭാഷകയുമായി നടത്തിയ അഭിമുഖം ശ്രദ്ധിക്കൂ.




**ചിത്രം 9.2**

അഭിമുഖത്തിൽ ഭരണഘടനയുമായി ബന്ധപ്പെട്ട എന്തൊക്കെ ആശയങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്?

- രാഷ്ട്രത്തിന്റെ ഭരണസംവിധാനം
- 
- 
- 

## ഭരണഘടനയുടെ മുൻഗാമികൾ

ഭരണഘടന എന്ന ആശയം രൂപപ്പെടുന്നതിനിടയാക്കിയ ചരിത്രം നമുക്ക് പരിശോധിക്കാം.

### ഹമ്മുറാബിയുടെ നിയമസംഹിത

ലോകത്തിലെ ഏറ്റവും പഴക്കംചെന്ന നിയമസംഹിതകളിൽ ഒന്നാണ് പുരാതന ബാബിലോണിയയിലെ ഭരണാധികാരിയായിരുന്ന ഹമ്മുറാബിയുടെ (ബി.സി.ഇ. 1792-1750) നിയമസംഹിത. ഒരു രാജ്യത്തിന്റെ അടിസ്ഥാന നിയമങ്ങളെ ധിക്കരിക്കാൻ ആർക്കും അധികാരമില്ല എന്ന് ഈ നിയമസംഹിത അനുശാസിക്കുന്നു.



ചിത്രം 9.3

### മാഗ്ന കാർട്ട



ചിത്രം 9.4

ഇംഗ്ലണ്ടിലെ ജനങ്ങൾ രാജാക്കന്മാരുടെ ഏകാധിപത്യത്തിൽ വീർപ്പുമുട്ടിയിരുന്നു. ഇതിനെതിരെ സി. ഇ. 1215-ൽ ജോൺ രാജാവിനെ തടഞ്ഞുവെച്ച് ജനങ്ങൾ ഒപ്പുവയ്പിച്ച പ്രമാണമാണ് മാഗ്ന കാർട്ട. രാജാവും ഭരണകൂടവും നിയമത്തിന് അതീതരല്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. മനുഷ്യാവകാശങ്ങളുടെ ചരിത്രത്തിലെ നാഴികക്കല്ലായി മാഗ്ന കാർട്ടയെ കണക്കാക്കുന്നു.

### മഹത്തായ വിപ്ലവം

17-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ പാർലമെന്റിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ച രാജാക്കന്മാരും പാർലമെന്റും തമ്മിൽ നിരവധി സംഘർഷങ്ങളുണ്ടായി. അതിൽ പ്രധാനപ്പെട്ടതാണ് സി. ഇ. 1688-ലെ മഹത്തായ വിപ്ലവം. രാജാവിന്റെ സ്വേച്ഛാധിപത്യം അവസാനിപ്പിക്കുവാനും പാർലമെന്റിന്റെ അധികാരം വർധിപ്പിക്കുവാനും ഈ വിപ്ലവത്തിലൂടെ കഴിഞ്ഞു. രാജാധികാരം പാർലമെന്റിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമാകുകയും ചെയ്തു. ഇംഗ്ലണ്ടിൽ പാർലമെന്റിന് അധികാരം നൽകുന്ന ഭരണഘടനാ രൂപീകരണത്തിന് ഇത് വഴിയൊരുക്കി.



ചിത്രം 9.5

### അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം



ചിത്രം 9.6

ബ്രിട്ടന്റെ അധീനതയിലായിരുന്ന 13 വടക്കേ അമേരിക്കൻ കോളനികൾ ബ്രിട്ടന്റെ തെറ്റായ നയങ്ങൾക്കെതിരെ പോരാട്ടം നടത്തി. തുടർന്ന് സി.ഇ. 1776-ൽ ഈ കോളനികൾ നടത്തിയ പ്രഖ്യാപനമാണ് അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം. ഗവൺമെന്റിനെ നീക്കം ചെയ്യാൻ ജനങ്ങൾക്ക് അധികാരമുണ്ട് എന്ന് ബോധ്യപ്പെടുത്താൻ ഈ പ്രഖ്യാപനത്തിലൂടെ കഴിഞ്ഞു. ലോകത്തിലെ ആദ്യത്തെ എഴുതപ്പെട്ട ഭരണഘടനയായ അമേരിക്കൻ ഭരണഘടനയുടെ രൂപീകരണത്തിനും ഇത് കാരണമായി.

## ഫ്രഞ്ച് വിപ്ലവം



ചിത്രം 9.7

'സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം' എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തി ഫ്രഞ്ച് ജനത 1789-ൽ നടത്തിയ വിപ്ലവമാണിത്. രാജാധികാരത്തിനെതിരെ ജനങ്ങളുടെ പരമാധികാരം എന്ന ആശയം അംഗീകരിക്കപ്പെട്ടത് ഈ വിപ്ലവത്തിലൂടെയാണ്. ഇതോടെ ഫ്രാൻസിൽ ഒരു ഭരണഘടന രൂപപ്പെടുകയും രാജാവിന്റെ അധികാരങ്ങൾ ഭരണഘടനയ്ക്ക് വിധേയമാക്കപ്പെടുകയും ചെയ്തു.

മുകളിൽ പരാമർശിച്ചിട്ടുള്ള ചരിത്രസംഭവങ്ങളിൽ നിന്നും ജനങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കും ഒരു ഏകീകൃത നിയമാവലി ആവശ്യമാണെന്ന് ബോധ്യപ്പെട്ടില്ലേ. അടിച്ചമർത്തലിനും ചൂഷണത്തിനുമെതിരെ ജനങ്ങൾ നടത്തിയ ഇടപെടലുകളാണ് ഭരണഘടനകളുടെ രൂപീകരണത്തിനിടയാക്കിയത്.

**വർക്ക്ഷീറ്റ് പൂർത്തിയാക്കൂ.**

| | |
|---|---|
| രാജാവിന്റെ അധികാരങ്ങൾ ഭരണഘടനയ്ക്ക് വിധേയമായി | ഫ്രഞ്ച് വിപ്ലവം |
| ലോകത്തിലെ ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന | |
| ചരിത്രത്തിലെ ഏറ്റവും പഴക്കംചെന്ന നിയമസംഹിത | |
| രാജാവിന്റെ സ്വേച്ഛാധിപത്യം അവസാനിക്കുകയും പാർലമെന്റിന്റെ അധികാരം വർധിക്കുകയും ചെയ്തു. | |
| മനുഷ്യാവകാശങ്ങളുടെ ചരിത്രത്തിലെ നാഴികക്കല്ല് | |

## ഭരണഘടനകൾ പലതരം

ഭരണഘടനകളെ അവയുടെ സ്വഭാവം, മാറ്റം വരുത്തുന്നതിനുള്ള പ്രക്രിയ, രൂപംകൊണ്ട രീതി എന്നിവയുടെ അടിസ്ഥാനത്തിൽ പലതായി തരംതിരിക്കുന്നു.



| ലിഖിതം | അലിഖിതം |
|---|---|
| ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാന തത്വങ്ങളും നിയമങ്ങളും വ്യവസ്ഥാപിതമായ രീതിയിൽ എഴുതി തയ്യാറാക്കി പുസ്തകരൂപത്തിൽ ക്രോഡീകരിച്ചിരിക്കുന്നതാണ് ലിഖിത ഭരണഘടന.<br><br>ഉദാ: ഇന്ത്യ, അമേരിക്കൻ ഐക്യ നാടുകൾ (യു.എസ്.എ.) | ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാന തത്വങ്ങളും നിയമങ്ങളും വ്യവസ്ഥാപിതമായി എഴുതപ്പെടാത്തതും പുസ്തകരൂപത്തിൽ ക്രോഡീകരിക്കപ്പെടാത്തതുമാണ് അലിഖിത ഭരണഘടന.<br><br>ഉദാ: യുണൈറ്റഡ് കിംഗ്ഡം (യു.കെ.), ന്യൂസിലാന്റ് |
| **ദൃഢമായത്** | **അയവുള്ളത്** |
| മാറ്റം വരുത്തുന്നതിന് (ഭേദഗതി) കർക്കശമായ നടപടിക്രമങ്ങൾ ആവശ്യമുള്ള ഭരണഘടന.<br><br>ഉദാ: അമേരിക്കൻ ഐക്യനാടുകൾ, ഓസ്ട്രേലിയ | എളുപ്പത്തിൽ മാറ്റം വരുത്താൻ (ഭേദഗതി) കഴിയുന്ന ഭരണഘടന.<br><br>ഉദാ: യുണൈറ്റഡ് കിംഗ്ഡം ന്യൂസിലാന്റ് |
| **നടപ്പിലാക്കിയത്** | **പരിണമിച്ചത്** |
| ഭരണഘടനാ നിർമ്മാണസഭയുടെയോ കൗൺസിലിന്റെയോ രൂപീകരണ ശേഷം എഴുതി തയ്യാറാക്കി പ്രാബല്യത്തിൽ വരുത്തിയ ഭരണഘടന.<br><br>ഉദാ: അമേരിക്കൻ ഐക്യനാടുകൾ, ഇന്ത്യ | ക്രമേണയുള്ള മാറ്റങ്ങളുടെ ഫലമായി രൂപപ്പെട്ട ഭരണഘടന. കരാറുകൾ, വിധിന്യായങ്ങൾ, നിയമങ്ങൾ, സമ്പ്രദായങ്ങൾ എന്നീ രൂപത്തിലുള്ള വ്യവസ്ഥകളും വഴക്കങ്ങളും ഇതിൽ ഉൾപ്പെടുന്നു.<br><br>ഉദാ: യുണൈറ്റഡ് കിംഗ്ഡം, കാനഡ |

പാഠഭാഗത്ത് ഉദാഹരണങ്ങളായി നൽകിയിട്ടുള്ള രാജ്യങ്ങളെ ഭരണഘടനകളുടെ സവിശേഷതകൾക്കനുസരിച്ച് പട്ടികയിൽ ക്രമീകരിക്കൂ.

| ലിഖിതം | അലിഖിതം | ദൃഢമായത് | അയവുള്ളത് | നടപ്പിലാക്കിയത് | പരിണമിച്ചത് |
|---|---|---|---|---|---|
| | | | | | |

പലതരം ഭരണഘടനകളെ പരിചയപ്പെട്ടല്ലോ. ഇനി നമുക്ക് ഭരണഘടനയ്ക്ക് അത്യാവശ്യമുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം.




'ഭരണഘടനയുടെ അവശ്യഗുണങ്ങൾ' എന്ന വിഷയത്തിൽ ലഘുക്കുറിപ്പ് തയ്യാറാക്കൂ.

## ഭരണഘടനാവ്യവസ്ഥ

ഭരണഘടനയുടെ പൊതുസവിശേഷതകൾ നാം പരിചയപ്പെട്ടല്ലോ. ഇനി നമുക്ക് ഭരണഘടനാ വ്യവസ്ഥ എന്താണെന്ന് പരിശോധിക്കാം.



ടീച്ചർ : മനു ഇന്ന് റോഡ് നിയമം തെറ്റിച്ച് സൈക്കിൾ ഓടിക്കുന്നത് കണ്ടല്ലോ? ഇനി അത് ആവർത്തിക്കരുത്.

മനു : ക്ഷമിക്കണം ടീച്ചർ; സൈക്കിൾ ഓടിക്കുന്നവർ നിയമങ്ങൾ പാലിക്കേണ്ടതുണ്ടോ?

ടീച്ചർ : എല്ലാവരും ഗതാഗതനിയമങ്ങൾ അനുസരിക്കേണ്ടത് അത്യാവശ്യമാണ്. അത് സാധാരണക്കാർക്ക് മാത്രമല്ല ഭരണാധികാരികൾക്കും ബാധകമാണ്.

ടീച്ചറും മനുവും തമ്മിലുള്ള സംഭാഷണം ശ്രദ്ധിച്ചല്ലോ.

ഭരണാധികാരികളും നിയമങ്ങൾ അനുസരിക്കാൻ ബാധ്യസ്ഥരാണെന്ന് തിരിച്ചറിഞ്ഞില്ലേ? വ്യക്തികൾക്കുമേൽ നിയമങ്ങളുടെ നിയന്ത്രണമുള്ളതുപോലെ അധികാരികൾക്കുമേലും ചില നിയന്ത്രണങ്ങൾ നിലവിലുണ്ട്. പരിധിയില്ലാത്ത അധികാരങ്ങൾ ഭരണാധികാരികൾക്ക് നൽകിയാൽ അത് ജനങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുകയും സ്വേച്ഛാധിപത്യത്തിന് കാരണമാവുകയും ചെയ്യും. ഇതിനെതിരെയാണ് ഭരണഘടനാവ്യവസ്ഥ നിലകൊള്ളുന്നത്. ഗവൺമെന്റിന്റെ അധികാരങ്ങളെ ഭരണഘടനാപരമായി പരിമിതപ്പെടുത്തുന്ന രാഷ്ട്രീയക്രമമാണ് ഭരണഘടനാവ്യവസ്ഥ.

ഭരണാധികാരികളെ നിയന്ത്രിക്കുക, നിയമവാഴ്ച ഉറപ്പുവരുത്തുക, ജനങ്ങളുടെ അവകാശങ്ങൾ നിർവചിക്കുക എന്നിവയും ഭരണഘടനാവ്യവസ്ഥയിൽ ഉൾപ്പെടുന്നതാണ്.

**അരിസ്റ്റോട്ടിലും ഭരണഘടനാ വ്യവസ്ഥയും**



ഭരണഘടന, ഭരണഘടനാവ്യവസ്ഥ എന്നിവയെക്കുറിച്ച് ആദ്യം പ്രതിപാദിച്ചത് അരിസ്റ്റോട്ടിലാണ്. "ഒരു രാഷ്ട്രത്തിലെ ഭരണാധികാരികളുടെ വിന്യാസം" എന്നതാണ് ഭരണഘടനയ്ക്ക് അദ്ദേഹം നൽകിയ പ്രാഥമിക നിർവചനം. സാധാരണ നിയമങ്ങൾ എന്നും ഭരണഘടനാനിയമങ്ങൾ എന്നും അദ്ദേഹം നിയമങ്ങളെ രണ്ടായി തരംതിരിച്ചു.



താഴെപ്പറയുന്നവയിൽ ഭരണഘടനാവ്യവസ്ഥയോട് യോജിക്കുന്ന പ്രസ്താവനകൾക്ക് നേരെ നിറം നൽകുക.

| | |
|---|---|
| ഭരണാധികാരികളുടെ അധികാരങ്ങൾക്ക് പരിധി നിശ്ചയിക്കുന്നു | ○ |
| പൗരരുടെ അവകാശങ്ങൾ നിർവചിക്കുന്നു | ○ |
| സ്വേച്ഛാധിപത്യത്തെ പ്രോത്സാഹിപ്പിക്കുന്നു | ○ |
| ഭരിക്കുന്നവർക്ക് പരിധിയില്ലാത്ത അധികാരങ്ങൾ നൽകുന്നു | ○ |
| നിയമവാഴ്ച ഉറപ്പുവരുത്തുന്നു | ○ |

സുദീർഘമായ നിരവധി പ്രക്രിയകളുടെ ഫലമായിട്ടാണ് ഓരോ രാജ്യത്തിന്റെയും ഭരണഘടന രൂപപ്പെട്ടിട്ടുള്ളത്. നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയുടെ ചരിത്രവും ഇതിൽ നിന്ന് വ്യത്യസ്തമല്ല. ഇന്ത്യയുടെ ഭരണഘടന രൂപപ്പെട്ടത് എങ്ങനെയെന്ന് പരിശോധിക്കാം.

## ഇന്ത്യൻ ഭരണഘടന

**രാഷ്ട്രപതിയുടെ ശപഥം അഥവാ പ്രതിജ്ഞ**

" <u>ക</u>, <u>ഖ</u> ആയ ഞാൻ വിശ്വസ്തതയോടെ ഭാരതത്തിന്റെ രാഷ്ട്രപതിയുടെ ഉദ്യോഗം നിർവ്വഹിക്കും (അല്ലെങ്കിൽ രാഷ്ട്രപതിയുടെ ചുമതലകൾ നിർവ്വഹിക്കും) എന്നും എന്റെ കഴിവിന്റെ പരമാവധി ഭരണഘടനയും നിയമവും നിലനിറുത്തുകയും രക്ഷിക്കുകയും പാലിക്കുകയും ചെയ്യുമെന്നും ഭാരതത്തിലെ ജനങ്ങൾക്ക് സേവനം ചെയ്യുന്നതിനും അവർക്ക് ക്ഷേമം കൈവരുത്തുന്നതിനും സ്വയം അർപ്പിച്ചിരിക്കുന്നുവെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം/സഗൗരവം പ്രതിജ്ഞ ചെയ്യുന്നു."

അവലംബം- ഭാരതത്തിന്റെ ഭരണഘടന

രാഷ്ട്രപതിയുടെ സത്യപ്രതിജ്ഞാവാചകം ശ്രദ്ധിക്കൂ. നമ്മുടെ ഭരണഘടനയുടെ പ്രാധാന്യം ഇതിൽ വ്യക്തമാക്കുന്നുണ്ട്. ലോകത്തിലെ ഏറ്റവും വലുതും എഴുതപ്പെട്ടതുമായ ഭരണഘടന യാണ് ഇന്ത്യയുടേത്. അതിന്റെ ഉദ്ഭവം എങ്ങനെയെന്ന് നമുക്ക് പരിശോധിക്കാം.

ഇന്ത്യൻ ഭരണഘടനയുടെ ഉദ്ഭവം ബ്രിട്ടീഷ് ഭരണത്തിൻകീഴിലുള്ള ഇന്ത്യയുടെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു.

**ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി**

ഇന്ത്യയുമായി വ്യാപാരബന്ധം സ്ഥാപിക്കുന്നതിനുവേണ്ടി സി. ഇ. 1600- ൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപിക്കപ്പെട്ടു. കച്ചവടത്തിനായി വന്ന ബ്രിട്ടീഷുകാർ ക്രമേണ അധികാരികളായി മാറിയതോടെ ഇന്ത്യയുടെ ഭരണം കമ്പനിയുടെ കൈകളിലായി.

**1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരം**

ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യക്കാർ നടത്തിയ ആദ്യ ബഹുജന സമരമാണിത്. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഭരണം അവസാ നിക്കുന്നതിന് ഇത് കാരണമായി. തുടർന്ന് ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് രാജ്ഞി നേരിട്ട് ഏറ്റെടുത്തു.

**ഇന്ത്യൻ കൗൺസിൽസ് ആക്ടുകൾ**

ബ്രിട്ടീഷ് ഇന്ത്യയുടെ ഭരണകാര്യങ്ങളിൽ ഇന്ത്യക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സഹായിച്ച നിയമങ്ങൾ.

**സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങൾ**

ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ പ്രസ്ഥാനങ്ങളിൽ പ്രധാന പങ്കുവഹിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. ഇന്ത്യയ്ക്ക് ഒരു ഭരണഘടന തയ്യാറാക്കുന്നതിനായി സ്വതന്ത്ര ഭരണഘടനാനിർമ്മാണസഭ വേണമെന്ന ആവശ്യം ഔദ്യോഗി കമായി മുന്നോട്ടുവച്ചതും ഈ പ്രസ്ഥാനമാണ്.

**ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്റ്റുകൾ**

ഇന്ത്യക്കാരുടെ ഭരണപങ്കാളിത്തം ക്രമേണ വർധിപ്പിക്കുന്നതിനും ഇന്ത്യയിൽ മെച്ചപ്പെട്ട ഭരണം ഉറപ്പുവരുത്തുന്നതിനും വേണ്ടി ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നിയമങ്ങൾ.

**ക്യാബിനറ്റ് മിഷൻ**

ഇന്ത്യയ്ക്ക് പൂർണമായ സ്വയംഭരണ അധികാരം നൽകുന്നതിനുവേണ്ടി ബ്രിട്ടീഷ് ഗവൺമെന്റ് ക്യാബിനറ്റ് മിഷനെ ഇന്ത്യയിലേക്ക് അയച്ചു. ഇതനുസരിച്ച് ഇന്ത്യക്കായി ഒരു ഭരണഘടന തയ്യാറാക്കുന്നതി നുവേണ്ടി 1946- ൽ ഭരണഘടനാനിർമ്മാണ സഭ നിലവിൽ വന്നു.

ഡോ. രാജേന്ദ്രപ്രസാദായിരുന്നു ഭരണഘടനാനിർമ്മാണസഭയുടെ അധ്യക്ഷൻ. ഡോ. ബി.ആർ. അംബേദ്കർ ചെയർമാനായുള്ള ഡ്രാഫ്റ്റിംഗ് കമ്മിറ്റിയാണ് ഭരണഘടനയുടെ കരടുരൂപം എഴുതിത്തയ്യാറാക്കിയത്. ഭരണഘടനാനിർമ്മാണസഭ 1949 നവംബർ 26 ന് ഭരണഘടനയ്ക്ക് അംഗീകാരം നൽകി. അതിനാൽ നവംബർ 26 ഭരണഘടനാ ദിനമായി നാം ആചരിക്കുന്നു. ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നത് 1950 ജനുവരി 26 നാണ്. അന്നുമുതൽ ഇന്ത്യ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കായി അറിയപ്പെടുന്നു.

**ക്യാബിനറ്റ് മിഷൻ**

ഇന്ത്യക്ക് പരമാധികാരം കൈമാറുന്നത് സംബന്ധിച്ച് ഇന്ത്യൻ നേതാക്കളുമായി ചർച്ച നടത്തുന്നതിനായി ബ്രിട്ടീഷ് സർക്കാർ നിയോഗിച്ച മൂന്നംഗ സമിതിയാണ് ക്യാബിനറ്റ് മിഷൻ. ഇന്ത്യയിലെ പ്രധാന രാഷ്ട്രീയകക്ഷികളുടെ നേതാക്കളുമായി അവർ ചർച്ച നടത്തി. ഇന്ത്യയ്ക്ക് ഭരണഘടന തയ്യാറാക്കുന്നതിന് വേണ്ടി ഭരണഘടനാനിർമ്മാണ സഭ രൂപീകരിക്കണമെന്ന ആവശ്യം ക്യാബിനറ്റ് മിഷൻ അംഗീകരിച്ചു. ഇന്ത്യയുടെ ഭാവി രാഷ്ട്രീയ സംവിധാനത്തെക്കുറിച്ചുള്ളതായിരുന്നു പ്രസ്തുത മിഷൻ.

ഇന്ത്യൻ ഭരണഘടനയുടെ നാൾവഴികൾ സൂചിപ്പിക്കുന്ന ചുമർപത്രിക തയ്യാറാക്കൂ.

## ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

### ഭാരതത്തിന്റെ ഭരണഘടന

#### ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;**
സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

ഭരണഘടനയുടെ ആമുഖം പരിശോധിക്കൂ. ഭരണഘടനയുടെ പ്രധാന ആശയങ്ങളും മൂല്യങ്ങളും കാഴ്ചപ്പാടുകളും പ്രതിഫലിക്കുന്നത് ആമുഖത്തിലാണ്. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഇന്ത്യക്കാർ ആഗ്രഹിക്കുകയും സ്വപ്നം കാണുകയും ചെയ്ത ആശയങ്ങളുടെ പൂർത്തീകരണത്തിനുള്ള മാർഗരേഖയാണ് നമ്മുടെ ഭരണഘടന. രാഷ്ട്രത്തിന്റെ അധികാരം ഉദ്ഭവിക്കുന്നത് ജനങ്ങളിൽ നിന്നാണെന്ന് ഭരണഘടന വിഭാവനം ചെയ്യുന്നു. രാഷ്ട്രത്തിന്റെ സ്വഭാവം, ഭരണഘടനയുടെ ലക്ഷ്യങ്ങൾ, ഭരണഘടന അംഗീകരിക്കപ്പെട്ട തീയതി എന്നിവയും ആമുഖത്തിൽ പരാമർശിച്ചിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പരാമർശിച്ചിരിക്കുന്ന അടിസ്ഥാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് പരിചയപ്പെടാം.

**ഇന്ത്യൻ ഭരണഘടന: അടിസ്ഥാന ലക്ഷ്യങ്ങൾ**

**പരമാധികാരം**

ബാഹ്യ ഇടപെടലുകൾക്കോ സമ്മർദങ്ങൾക്കോ വിധേയമാകാതെ തീരുമാനങ്ങൾ എടുക്കുവാനുള്ള രാഷ്ട്രത്തിന്റെ അധികാരം.

**സ്ഥിതിസമത്വം**

എല്ലാവർക്കും തുല്യപദവിയും അവസരസമത്വവും ഉറപ്പുവരുത്തിക്കൊണ്ട് സാമൂഹ്യനീതി നിലനിർത്തുന്നു.

**മതേതരത്വം**

രാഷ്ട്രത്തിന് ഔദ്യോഗിക മതമില്ല. വ്യക്തികൾക്ക് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും അവകാശമുണ്ട്. രാഷ്ട്രം ഒരു മതത്തോടും വിവേചനം കാണിക്കുകയില്ല.

**ജനാധിപത്യം**

ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഭരണം നിർവഹിക്കുന്നു. ഇതിലൂടെ ജനങ്ങൾ പരമാധികാരികളാകുന്നു.

**റിപ്പബ്ലിക്**

തിരഞ്ഞെടുപ്പിലൂടെ രാഷ്ട്രത്തലവനെ തീരുമാനിക്കുന്ന സംവിധാനമാണ് റിപ്പബ്ലിക്. ഇന്ത്യയുടെ രാഷ്ട്രത്തലവനായ രാഷ്ട്രപതി (President) തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി ആയിരിക്കണമെന്ന് നമ്മുടെ ഭരണഘടന അനുശാസിക്കുന്നു.

രാഷ്ട്രം പൗരർക്ക് ഉറപ്പുനൽകുന്ന നീതി, സ്വാതന്ത്ര്യം, സമത്വം എന്നിവയെക്കുറിച്ചും ആമുഖത്തിൽ പ്രതിപാദിക്കുന്നുണ്ട്. മാത്രമല്ല വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട് ജനങ്ങൾക്കിടയിൽ സാഹോദര്യം പുലർത്തുന്നതിനും ആമുഖം ലക്ഷ്യംവയ്ക്കുന്നു.

ചുവടെ നൽകിയിരിക്കുന്ന സവിശേഷതകൾ ഭരണഘടനയുടെ ആമുഖത്തിൽ പരാമർശിച്ചിരിക്കുന്ന ഏതെല്ലാം ലക്ഷ്യങ്ങളെ പ്രതിഫലിപ്പിക്കുന്നു?



| സവിശേഷതകൾ | ലക്ഷ്യങ്ങൾ |
|---|---|
| രാഷ്ട്രത്തിന് ഔദ്യോഗിക മതമില്ല | |
| ജനങ്ങൾ പരമാധികാരികൾ | |
| തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി രാഷ്ട്രത്തലവൻ | |
| ബാഹ്യ ഇടപെടലുകൾ ഇല്ലാതെ തീരുമാനങ്ങൾ എടുക്കുവാനുള്ള രാഷ്ട്രത്തിന്റെ അധികാരം | |
| അസമത്വങ്ങൾ കുറച്ച് സാമൂഹ്യ നീതി ഉറപ്പാക്കുന്നു | |

മനുഷ്യ സമൂഹത്തിന്റെ വികാസ ചരിത്രം പരിശോധിച്ചാൽ ഭരണഘടനകൾ ആധുനിക കാലഘട്ടത്തിന്റെ ഉൽപന്നമായാണ് കണക്കാക്കപ്പെടുന്നത്. ആധുനിക രാഷ്ട്രങ്ങളുടെ നിലനിൽപിനും സുഗമമായ നടത്തിപ്പിനും പുരോഗതിക്കും സുശക്തമായ ഭരണഘടന അനിവാര്യമാണ്. രാഷ്ട്ര നിർമ്മാണത്തിന് സഹായകമായ അടിസ്ഥാന നിയമവ്യവസ്ഥ പ്രദാനം ചെയ്യുകയാണ് ഭരണഘടനയുടെ ധർമ്മം. ഭരണഘടന കൃത്യമായി പാലിക്കപ്പെടുമ്പോഴാണ് രാഷ്ട്രത്തിന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും സാക്ഷാത്കരിക്കപ്പെടുന്നത്. ഭരണഘടനയെപ്പോലെ തന്നെ പ്രധാനപ്പെട്ടതാണ് ഭരണഘടനയുടെ ആമുഖവും. ഭരണഘടനയുടെ ലക്ഷ്യപ്രസ്താവന നടത്തുന്നവയാണ് ആമുഖങ്ങൾ. ഇന്ത്യൻ ജനതയുടെ ദൃഢനിശ്ചയം നമ്മുടെ ഭരണഘടനയുടെ ആത്മസത്തയായ ആമുഖത്തിൽ നിറഞ്ഞുനിൽക്കുന്നു. രൂപപ്പെട്ട് നിരവധി സംവത്സരങ്ങൾ കഴിഞ്ഞിട്ടും അതേ കരുത്തോടെ ഇന്നും നിലനിൽക്കാൻ നമ്മുടെ ഭരണഘടനയ്ക്ക് സാധിക്കുന്നുണ്ട്. ഇത് ഇന്ത്യൻ ഭരണഘടനയുടെ ഒരു പ്രധാന സവിശേഷതയായി വിലയിരുത്താം.

## തുടർപ്രവർത്തനങ്ങൾ

- 'ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണം: നാൾവഴികൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കി പ്രദർശിപ്പിക്കൂ.
- സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ ഭരണഘടനയെക്കുറിച്ച് കൂടുതൽ അറിയാൻ അഭിഭാഷകരുമായി മുഖാമുഖം പരിപാടി സംഘടിപ്പിക്കൂ. വീഡിയോ കോൺഫറൻസ് സാധ്യതകളും പ്രയോജനപ്പെടുത്താവുന്നതാണ്.
- ഭരണഘടനാദിനത്തിൽ ആമുഖത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകൾ തയ്യാറാക്കി വിദ്യാലയത്തിൽ റാലി സംഘടിപ്പിക്കൂ.



# 10

# സമുദ്രങ്ങളിലൂടെ...

"വയലും പുഴയും കടന്നുപോകാം
കടലിൽകടലിൽ പകർന്നുപോകാം
പഴയകാലത്തു കൊളംബസ്സുപോയപോൽ
പുതിയലോകങ്ങൾ തിരഞ്ഞുപോകാം; നമ്മൾ
പുതുവാനവട്ടങ്ങൾ തേടിപ്പോകാം"

വെള്ളപ്പൊക്കം - എൻ.വി. കൃഷ്ണവാര്യർ

കൊളംബസ്സിനെ പോലെ സാഹസിക യാത്ര നടത്തിയ നാവികരെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. പുതിയ ലോകങ്ങൾ തേടി വിശാലമായ സമുദ്രങ്ങളിലൂടെ അവർ നടത്തിയ യാത്രകൾ ചരിത്രത്തിൽ സ്ഥാനം പിടിച്ചവയാണ്. സമുദ്രങ്ങളെക്കുറിച്ചറിയാൻ നമുക്കും ഒരു യാത്ര പോയാലോ?

ഭൂമിയിൽ ജീവൻ നിലനിർത്തുന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണ് ജലം. ഭൗമോപരിതലത്തിന്റെ 71 ശതമാനവും ജലമാണ്. സമുദ്രങ്ങൾ, കായലുകൾ, തടാകങ്ങൾ, നദികൾ, അരുവികൾ, ഉറവകൾ, ജലസംഭരണികൾ, കിണറുകൾ എന്നിവ ജലത്തിന്റെ വിവിധ സ്രോതസ്സുകളാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഇവയിൽ ഉപരിതല ജലസ്രോതസ്സുകളും ഭൂഗർഭ ജലസ്രോതസ്സുകളും ഉൾപ്പെടുന്നു. ഉപരിതല ജലസ്രോതസ്സുകൾ ഭൗമോപരിതലത്തിൽ കാണപ്പെടുമ്പോൾ ഭൂഗർഭ ജലസ്രോതസ്സുകൾ ഉപരിതലത്തോട് ചേർന്ന് ഭൂമിക്കുള്ളിലായി കാണപ്പെടുന്നു.

തന്നിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ആശയപടം പൂർത്തിയാക്കൂ.



**കിണർ**



**തടാകം**



**നീരുറവ**



**കുഴൽക്കിണർ**



**നദി**



**സമുദ്രം**

ജലസ്രോതസ്സുകൾ

- ഉപരിതല ജലസ്രോതസ്സുകൾ
  - നദി
  - ..............................
  - ..............................
- ഭൂഗർഭ ജലസ്രോതസ്സുകൾ
  - നീരുറവ
  - ..............................
  - ..............................

ദൈനംദിനാവശ്യങ്ങൾക്കുള്ള ജലം ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് നമുക്ക് ലഭിക്കുന്നത്?

- നീരുറവ
-
-
-

ജീവജാലങ്ങൾ ഭൂമിയിലെ ജലം നിരന്തരമായി ഉപയോഗിച്ചിട്ടും തീർന്നുപോകാത്തത് എന്തുകൊണ്ടായിരിക്കും?

ജലമണ്ഡലത്തിലെ ജലത്തിന്റെ ചാക്രികചലനത്തിന്റെ (ജലപരിവൃത്തി) ഫലമായാണ് ജലസ്രോതസ്സുകളിലെ ജലം ഉപയോഗത്തിനനുസരിച്ച് തീർന്നുപോകാത്തത്.

**ജലമണ്ഡലം**

ഖരം, ദ്രാവകം, വാതകം എന്നീ അവസ്ഥകളിൽ ഭൂമിയുടെ ഉപരിതലത്തിലും അന്തർഭാഗത്തും അന്തരീക്ഷത്തിലുമായി കാണപ്പെടുന്ന ആകെ ജലമാണ് ജലമണ്ഡലം.

## ജലപരിവൃത്തി

ഭൂമിക്കുള്ളിലും ഭൗമോപരിതലത്തിലും അന്തരീക്ഷത്തിലുമായുള്ള ജലത്തിന്റെ ചാക്രികചലനമാണ് ജലപരിവൃത്തി. ഈ ചാക്രികചലനം എങ്ങനെയാണെന്ന് പരിശോധിക്കാം.




ചിത്രം 10.1 ജലപരിവൃത്തി

ചിത്രം നിരീക്ഷിച്ചില്ലേ.

ഭൗമോപരിതലത്തിലെ വിവിധ ജലസ്രോതസ്സുകളിലെ ജലം ബാഷ്പീകരണത്തിലൂടെ നീരാവിയായി മാറുന്നു. ഇങ്ങനെ അന്തരീക്ഷത്തിലെത്തുന്ന നീരാവി ഘനീഭവിച്ച് മേഘങ്ങൾ രൂപംകൊള്ളുന്നു. മേഘങ്ങൾ കൂടാതെ മൂടൽമഞ്ഞ്, തുഷാരം എന്നിവയും ഘനീകരണത്തിന്റെ മറ്റ് രൂപങ്ങളാണ്. വർഷണത്തിലൂടെ മേഘങ്ങളിലെ ജലകണികകൾ ഭൂമിയിലേക്ക് പതിക്കുന്നു. മഴ, മഞ്ഞുവീഴ്ച, ആലിപ്പഴം വീഴ്ച എന്നിവ വർഷണത്തിന്റെ വിവിധ രൂപങ്ങളാണ്.

**ബാഷ്പീകരണം (Evaporation)**
ഒരു ദ്രാവകം താപത്തിന്റെ സഹായത്താൽ വാതകാവസ്ഥയിലേക്ക് മാറുന്ന പ്രക്രിയ.

**ഘനീകരണം (Condensation)**
വായുവിലെ ജലബാഷ്പം (നീരാവി) തണുത്ത് ജലമായി മാറുന്ന പ്രക്രിയ.

**വർഷണം (Precipitation)**
തുടർച്ചയായ ഘനീകരണത്തിലൂടെ മേഘങ്ങളിലെ ജലകണികകളുടെ വലുപ്പവും ഭാരവും കൂടുമ്പോൾ അന്തരീക്ഷത്തിൽ തങ്ങിനിൽക്കാനാവാതെ അവ ദ്രാവകരൂപത്തിലോ ഖരരൂപത്തിലോ ഭൂമിയിലേക്ക് പതിക്കുന്ന പ്രക്രിയ.

ഇങ്ങനെ ജലമണ്ഡലത്തിൽ ജലം ബാഷ്പീകരണം, ഘനീകരണം, വർഷണം എന്നീ പ്രക്രിയകളിലൂടെ ചാക്രികമായി ചലിച്ചു കൊണ്ടേയിരിക്കുന്നതാണ് ജലപരിവൃത്തി.

ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് ജലം. എന്നാൽ, ജലത്തിന്റെ വിതരണം ഭൂമിയിൽ എല്ലായിടത്തും ഒരുപോലെയാണോ?

തന്നിരിക്കുന്ന ചിത്രത്തിൽ നിന്നും ജലത്തിന്റെ വിതരണം നിരീക്ഷിക്കൂ.




ചിത്രം 10.2

ഭൂമിയിലെ ജലത്തിന്റെ 97 ശതമാനവും ലവണജലമാണെന്ന് നിങ്ങൾ തിരിച്ചറിഞ്ഞല്ലോ. ഭൂമിയിലുള്ള ആകെ ശുദ്ധജലത്തിന്റെ അളവ് മൂന്ന് ശതമാനമാണ്. അതിൽ ഭൂരിഭാഗവും ഹിമപാളികളിലും ഹിമാനികളിലുമായി ഉറഞ്ഞ് കിടക്കുന്നു. ജീവജാലങ്ങൾക്ക് ഉപയോഗിക്കാൻ ലഭ്യമായ ശുദ്ധജലത്തിന്റെ അളവ് വളരെ പരിമിതമാണ്.

ശുദ്ധജലം പോലെ തന്നെ ഭൂമിയിൽ മനുഷ്യരുടെ നിലനിൽപ്പിന് സമുദ്രജലവും അനിവാര്യമാണ്. കാലാവസ്ഥയെ നിയന്ത്രിക്കുന്നതിലും ആവാസവ്യവസ്ഥകളെ പിന്തുണയ്ക്കുന്നതിലും സമുദ്രങ്ങൾ നിർണ്ണായക പങ്കുവഹിക്കുന്നു. കൂടാതെ മനുഷ്യജീവിതത്തിനാവശ്യമായ വിഭവങ്ങളും സമുദ്രങ്ങൾ പ്രദാനം ചെയ്യുന്നു.

## സമുദ്രങ്ങൾ

ലോക സമുദ്രദിനത്തോടനുബന്ധിച്ച് കുട്ടികൾ തയ്യാറാക്കിയ പ്ലക്കാർഡുകൾ നിരീക്ഷിക്കൂ.




ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് സമുദ്രങ്ങൾ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. സമുദ്രങ്ങളുടെ കൂടുതൽ സവിശേഷതകൾ പരിചയപ്പെടാം.

ഭൂഖണ്ഡങ്ങൾക്കിടയിലായി സ്ഥിതിചെയ്യുന്ന അതിവിശാലമായ ജലാശയങ്ങളാണ് സമുദ്രങ്ങൾ. കടലുകൾ, ഉൾക്കടലുകൾ എന്നിവ സമുദ്രത്തിന്റെ ഭാഗങ്ങളാണ്. സമുദ്രങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനം സമുദ്രശാസ്ത്രം (Oceanography) എന്നാണ് അറിയപ്പെടുന്നത്. സമുദ്രജലത്തിന്റെ സങ്കീർണ്ണമായ ചലനാത്മകത തിരിച്ചറിയുന്നതിന് സമുദ്രപഠനം സഹായിക്കുന്നു. കൂടാതെ കാലാവസ്ഥാവ്യതിയാനം, സമുദ്ര മലിനീകരണം, ജൈവവൈവിധ്യശോഷണം തുടങ്ങിയ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും സമുദ്രപഠനം ഉപകരിക്കുന്നു.

**ജൂൺ 8**

**ലോക സമുദ്രദിനം**

എല്ലാ വർഷവും ജൂൺ 8 ലോക സമുദ്രദിനമായി ആചരിക്കുന്നു. സമുദ്രങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക എന്നതാണ് ഇതിന്റെ ലക്ഷ്യം. മനുഷ്യരുടെ അശാസ്ത്രീയമായ ഇടപെടലുകൾ സമുദ്ര ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ സമുദ്രങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഓർമ്മപ്പെടുത്തുന്ന ദിനം കൂടിയാണിത്.

**കടൽ:** ഭാഗികമായി കരയാൽ ചുറ്റപ്പെട്ട സമുദ്രഭാഗമാണ് കടൽ. ഉദാ: അറബിക്കടൽ

**ഉൾക്കടൽ:** കരഭാഗത്തിനുള്ളിലേക്ക് കയറിക്കിടക്കുന്ന സമുദ്രഭാഗമാണ് ഉൾക്കടൽ. ഉദാ: ബംഗാൾ ഉൾക്കടൽ

**കടലിടുക്ക്:** രണ്ട് കടലുകളെയോ സമുദ്രഭാഗങ്ങളെയോ തമ്മിൽ ബന്ധിപ്പിക്കുന്നതും കരകൾക്കിടയിലായി സ്ഥിതി ചെയ്യുന്നതുമായ വീതി കുറഞ്ഞ സമുദ്രഭാഗമാണ് കടലിടുക്ക്. ഉദാ: പാക് കടലിടുക്ക്




ലോകഭൂപടം നിരീക്ഷിച്ച് സമുദ്രങ്ങൾ പട്ടികപ്പെടുത്തൂ.




**ഭൂപടം 10.1**

- പസഫിക് സമുദ്രം
- 
- 
- 
- 

**ഐ.എൻ.എസ്.വി. തരിണിയിൽ പോയിന്റ് നിമോ മറികടന്ന് ഇന്ത്യൻ വനിതകൾ**

ഡൽഹി: നാവിക സാഗർ പരിക്രമ II ന്റെ ഭാഗമായി സമുദ്രമാർഗം ലോകപര്യടനം നടത്തിയ ഇന്ത്യൻ നാവിക സേനയിലെ ലഫ്. കമാൻഡർമാരായ ദിൽന കെ., രൂപ എ. എന്നിവർ 2025 ജനുവരി 30 ന് 'പോയിന്റ് നിമോ' മറികടന്നു.

വാർത്ത നിരീക്ഷിച്ചല്ലോ.

'പോയിന്റ് നിമോ' (Point Nemo) എന്ന സമുദ്രഭാഗത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ?

കരയിൽ നിന്നും ഏറ്റവും അകലെയുള്ള സമുദ്രഭാഗമാണിത്. ഈ കേന്ദ്രത്തിൽ നിന്നും തൊട്ടടുത്ത കരയിലെത്താൻ 2000 കിലോമീറ്ററിൽ അധികം സഞ്ചരിക്കണം. പോയിന്റ് നിമോ പസഫിക് സമുദ്രത്തിലാണുള്ളത്.

## പസഫിക് സമുദ്രം

ഏറ്റവും വലുതും ആഴമേറിയതുമായ സമുദ്രമാണ് പസഫിക്. ഭൗമോപരിതലത്തിന്റെ മൂന്നിലൊന്ന് ഭാഗത്തോളം ഈ സമുദ്രത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു.




ഭൂപടം 10.2

**പസഫിക്**

ലോകസഞ്ചാരിയായ ഫെർഡിനൻഡ് മഗല്ലനാണ് പസഫിക് സമുദ്രത്തിന് ഈ പേര് നൽകിയത്. അദ്ദേഹം ഈ സമുദ്രത്തെ 'മാർ പസഫികോ' എന്നു വിളിച്ചു. ഈ വാക്കിന് 'ശാന്തം' എന്നാണ് അർഥം. അറ്റ്ലാന്റിക് സമുദ്രത്തേക്കാൾ ശാന്തമാണ് പസഫിക് സമുദ്രം എന്ന് തോന്നിയതിനാലാണ് അദ്ദേഹം അങ്ങനെ പേര് നൽകിയത്.

ഭൂപടം പരിശോധിച്ച് പസഫിക് സമുദ്രത്തോട് ചേർന്ന് കിടക്കുന്ന ഭൂഖണ്ഡങ്ങൾ കണ്ടെത്തൂ.

ഏറ്റവും കൂടുതൽ ദ്വീപുകൾ കാണപ്പെടുന്നത് ഈ സമുദ്രത്തിലാണ്. ഫിലിപ്പീൻസ്, ജപ്പാൻ, ഹവായ്, ന്യൂസിലാൻഡ് എന്നിവയാണ് പസഫിക് സമുദ്രത്തിലെ ചില പ്രധാന ദ്വീപസമൂഹങ്ങൾ. പസഫിക് സമുദ്രത്തിന്റെ ഭാഗമായ മരിയാന ട്രഞ്ചിലെ ചലഞ്ചർ ഗർത്തമാണ് ലോക

ത്തിലെ ഏറ്റവും ആഴമേറിയ ഭാഗം. നിരവധി ഗർത്തങ്ങളും സജീവ അഗ്നിപർവതങ്ങളും ഈ സമുദ്രത്തിന്റെ സവിശേഷതകളാണ്.

പസഫിക് സമുദ്രവുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കൂ.

| പ്രധാന ദ്വീപുകൾ | ഏറ്റവും ആഴമേറിയ ഭാഗം | അതിർത്തി പങ്കിടുന്ന ഭൂഖണ്ഡങ്ങൾ |
|---|---|---|
| | | |

## അറ്റ്ലാന്റിക് സമുദ്രം

### 'ടൈറ്റൻ' അന്തർവാഹിനി തകർന്നടിഞ്ഞു

വാഷിങ്ടൺ: മാതൃപേടകമായ പോളാർ പ്രിൻസ് കപ്പലുമായുള്ള ആശയവിനിമയ ബന്ധം നഷ്ടപ്പെട്ടതിനുപിന്നാലെ സമുദ്ര പേടകമായ ടൈറ്റൻ തകർന്നടിഞ്ഞു. 1912-ൽ അറ്റ്ലാന്റിക് സമുദ്രത്തിൽ മുങ്ങിപ്പോയ ടൈറ്റാനിക് എന്ന ആഡംബര കപ്പലിന്റെ അവശിഷ്ടങ്ങൾ കാണാൻ സമുദ്രത്തിന്റെ അടിത്തട്ടിലേക്ക് യാത്ര തിരിച്ച അഞ്ചംഗ സംഘമാണ് അപകടത്തിൽപ്പെട്ടത്.

വാർത്തയിൽ പരാമർശിക്കുന്ന അറ്റ്ലാന്റിക് സമുദ്രത്തിന്റെ കൂടുതൽ സവിശേഷതകൾ പരിചയപ്പെടാം.

വലുപ്പത്തിൽ രണ്ടാം സ്ഥാനത്തുള്ള സമുദ്രമാണ് അറ്റ്ലാന്റിക്. ഇംഗ്ലീഷ് അക്ഷരമാലയിലെ 'S' നോട് സാമ്യമുള്ളതാണ് ഇതിന്റെ ആകൃതി. ലോകത്തിലെ ഏറ്റവും തിരക്കേറിയ സമുദ്രപാത അറ്റ്ലാന്റിക് സമുദ്രത്തിലാണുള്ളത്.

സമുദ്രത്തിന്റെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന സമുദ്രാന്തർ പർവതനിരയായ മധ്യ-അറ്റ്ലാന്റിക് പർവതനിര ഇതിന്റെ മറ്റൊരു പ്രത്യേകതയാണ്. പ്യൂർട്ടോ റിക്കോ ട്രഞ്ചിലെ മിൽവോകി ഡീപ് ആണ് സമുദ്രത്തിലെ ഏറ്റവും ആഴമേറിയ ഭാഗം. ന്യൂഫൗണ്ട്ലാൻഡ്, ഐസ്‌ലാൻഡ് തുടങ്ങിയവ അറ്റ്ലാന്റിക് സമുദ്രത്തിലെ പ്രധാനപ്പെട്ട ദ്വീപുകളിൽ ചിലതാണ്.




ഭൂപടം 10.3

അറ്റ്ലസ്, ഗ്ലോബ് എന്നിവയുടെ സഹായത്തോടെ അറ്റ്ലാന്റിക് സമുദ്രത്തോട് ചേർന്ന് കിടക്കുന്ന ഭൂഖണ്ഡങ്ങൾ കണ്ടെത്തൂ.

അറ്റ്ലാന്റിക് സമുദ്രത്തിന്റെ തിരിച്ചറിയൽ കാർഡ് തയ്യാറാക്കൂ.

പേര് :

സ്വാഭാവിക അതിരുകൾ :

പ്രധാന ദ്വീപുകൾ :

ഏറ്റവും ആഴമേറിയ ഗർത്തം :

വികസന ചിറകിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

പുതു ചരിത്രമെഴുതി വിഴിഞ്ഞം

വിഴിഞ്ഞം: ഇന്ത്യയുടെ പുതിയ ലോകകവാടം

വാർത്താ തലക്കെട്ടുകൾ നിരീക്ഷിച്ചല്ലോ? ഏത് സമുദ്രതീരത്താണ് ഈ തുറമുഖം സ്ഥിതി ചെയ്യുന്നത്?

- 

## ഇന്ത്യൻ സമുദ്രം

ഒരു രാജ്യത്തിന്റെ പേരിൽ അറിയപ്പെടുന്ന ഏക സമുദ്രമാണ് ഇന്ത്യൻ സമുദ്രം. വലുപ്പത്തിൽ മൂന്നാം സ്ഥാനമാണ് ഇതിനുള്ളത്.

ഇന്ത്യൻ സമുദ്രത്തോട് ചേർന്നുകിടക്കുന്ന ഭൂഖണ്ഡങ്ങൾ കണ്ടെത്തൂ.




ഭൂപടം 10.4

ബംഗാൾ ഉൾക്കടൽ, അറബിക്കടൽ എന്നിവ ഇന്ത്യൻ സമുദ്രത്തിന്റെ ഭാഗങ്ങളാണ്. സമുദ്രത്തിലെ ഏറ്റവും ആഴമേറിയ ഭാഗമാണ് ജാവ ട്രഞ്ച്. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ്, മാലിദ്വീപ്, ശ്രീലങ്ക തുടങ്ങിയവ ഇവിടുത്തെ പ്രധാനപ്പെട്ട ദ്വീപുകളാണ്. മലാക്ക കടലിടുക്ക് ഇന്ത്യൻ സമുദ്രത്തെയും പസഫിക് സമുദ്രത്തെയും തമ്മിൽ ബന്ധിപ്പിക്കുന്നു.

ഗ്ലോബ്, അറ്റ്ലസ് എന്നിവ നിരീക്ഷിച്ച് ഇന്ത്യൻ സമുദ്രവുമായി അതിർത്തി പങ്കിടുന്ന രാജ്യങ്ങളും സമുദ്രത്തിലെ പ്രധാന ദ്വീപുകളും കണ്ടെത്തൂ.

## ദക്ഷിണ സമുദ്രം

ഗ്ലോബ്, അറ്റ്ലസ് എന്നിവ നിരീക്ഷിച്ച് അന്റാർട്ടിക്ക ഭൂഖണ്ഡത്തെ വലയം ചെയ്തിരിക്കുന്ന സമുദ്രം കണ്ടെത്തൂ.










**ഭൂപടം 10.5**

അന്റാർട്ടിക്കയ്ക്ക് ചുറ്റുമായി ഏകദേശം $60^0$ ദക്ഷിണ അക്ഷാംശം വരെ ദക്ഷിണസമുദ്രം വ്യാപിച്ചു കിടക്കുന്നു. ആർട്ടിക് ഒഴികെ മറ്റെല്ലാ സമുദ്രങ്ങളുമായും അതിർത്തി പങ്കിടുന്ന ഈ സമുദ്രത്തിന് വലുപ്പത്തിൽ നാലാം സ്ഥാനമാണുള്ളത്. ഡോൾമാൻ, ഹേഡ് എന്നിവ സമുദ്രത്തിലെ ചില ദ്വീപുകളാണ്. സൗത്ത് സാൻഡ്‌വിച്ച് ട്രഞ്ചിലെ ഫാക്ടോറിയൻ ഗർത്തമാണ് ഇവിടുത്തെ ഏറ്റവും ആഴമേറിയ ഭാഗം.

## ആർട്ടിക് സമുദ്രം

ഭൂരിഭാഗവും ആർട്ടിക് വൃത്തത്തിനുള്ളിലായി സ്ഥിതി ചെയ്യുന്ന സമുദ്രമാണ് ആർട്ടിക് സമുദ്രം. ആർട്ടിക് സമുദ്രത്തിലാണ് ഉത്തരധ്രുവം ഉള്ളത്. ഏറ്റവും ചെറുതും ആഴം കുറഞ്ഞതുമായ സമുദ്രമാണിത്. വർഷത്തിൽ ഭൂരിഭാഗവും ഇവിടം മഞ്ഞുറഞ്ഞ അവസ്ഥയിലാണ്. മൊല്ലോയ് ഗർത്തമാണ് ഈ സമുദ്രത്തിലെ ഏറ്റവും ആഴമേറിയ ഭാഗം. ഏഷ്യ, യൂറോപ്പ്, വടക്കേ അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളുടെ വടക്കേ അതിർത്തികൂടിയാണ് ആർട്ടിക് സമുദ്രം.

സമുദ്രങ്ങളുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റ് പൂർത്തിയാക്കൂ.

| സമുദ്രങ്ങൾ | വലുപ്പക്രമം | ആഴമേറിയ ഭാഗം | പ്രധാന ദ്വീപുകൾ |
|---|---|---|---|
| ദക്ഷിണ സമുദ്രം | | | |
| ആർട്ടിക് സമുദ്രം | | | |
| പസഫിക് സമുദ്രം | | | |
| അറ്റ്ലാന്റിക് സമുദ്രം | | | |
| ഇന്ത്യൻ സമുദ്രം | | | |

## സമുദ്രജലവും ചലനങ്ങളും




പഠനയാത്രയുടെ ഭാഗമായി ഇടുക്കിയിൽ നിന്നും ആദ്യമായി കടൽ കാണാൻ എത്തിയ ദിയയുടെ അനുഭവക്കുറിപ്പ് വായിച്ചില്ലേ. നിങ്ങൾ തിരമാലകൾ കണ്ടിട്ടുണ്ടോ?

എന്താണ് തിരമാലകൾ?

കാറ്റ് സമുദ്രോപരിതലത്തിൽ ഉണ്ടാക്കുന്ന ചലനമാണ് തിരമാലകൾ. കാറ്റ് സൃഷ്ടിക്കുന്ന ഊർജ പ്രവാഹങ്ങൾ സമുദ്രോപരിതലത്തിൽ ഉയർച്ചതാഴ്ചകൾ സൃഷ്ടിക്കുന്നു. ജലോപരിതലത്തെ സ്പർശിച്ച് കാറ്റ് വീശുമ്പോഴാണ് സാധാരണയായി തിരമാലകൾ ഉണ്ടാകുന്നത്. സമുദ്രജലത്തിന്റെ തുടർച്ചയായ ഈ ഉയർച്ചതാഴ്ചകളാണ് തിരമാലകൾ. കാറ്റിന്റെ വേഗത വർധിക്കുന്നതിനനുസരിച്ച് തിരമാലകളുടെ വലുപ്പവും വർധിക്കുന്നു.

തിരമാലകൾ കൂടാതെ വേലിയേറ്റ-വേലിയിറക്കങ്ങളും സമുദ്രജലപ്രവാഹങ്ങളും സമുദ്രജല ചലനങ്ങളിൽ ഉൾപ്പെടുന്നു. നമുക്ക് അവ വിശദമായി പരിശോധിക്കാം.

സമുദ്രജലനിരപ്പ് നിശ്ചിത ഇടവേളകളിൽ ഉയരുകയും താഴുകയും ചെയ്യുന്ന പ്രതിഭാസമാണ് വേലിയേറ്റ-വേലിയിറക്കങ്ങൾ. സമുദ്രജലനിരപ്പ് ഉയരുന്നതിനെ വേലിയേറ്റമെന്നും താഴുന്നതിനെ വേലിയിറക്കമെന്നും പറയുന്നു.

സമുദ്രത്തിനുള്ളിലൂടെ നദികൾ ഒഴുകുന്നത് സങ്കൽപ്പിക്കൂ. സമുദ്രജലം കിലോമീറ്ററുകളോളം നദികളെപ്പോലെ സമുദ്രത്തിനുള്ളിലൂടെ ഒഴുകുന്നുണ്ട്. ഇങ്ങനെ സമുദ്രങ്ങളിൽ നിശ്ചിതദിശയിൽ നിശ്ചിതപാതയിലൂടെ തുടർച്ചയായി ജലം ഒഴുകുന്ന പ്രതിഭാസമാണ് സമുദ്രജല പ്രവാഹം. എല്ലാ സമുദ്രങ്ങളിലും ഇത്തരം സമുദ്രജലപ്രവാഹങ്ങളുണ്ട്.

**വേലിയേറ്റ വേലിയിറക്കങ്ങൾ**

ചന്ദ്രന്റെയും സൂര്യന്റെയും ഗുരുത്വാകർഷണബലം, അപകേന്ദ്രബലം എന്നിവ കാരണം സമുദ്രജലനിരപ്പ് ഉയരുകയും താഴുകയും ചെയ്യുന്നതാണ് വേലിയേറ്റവും വേലിയിറക്കവും. ഭൂമിയിൽ ചന്ദ്രന് അഭിമുഖമായി വരുന്ന വശത്ത് ഗുരുത്വാകർഷണ ബലത്താലും വിപരീത വശത്ത് അപകേന്ദ്ര ബലത്താലും ഒരേസമയം വേലിയേറ്റങ്ങൾ ഉണ്ടാകുന്നു. ഈ സമയം ഭൂമിയിലെ മറ്റ് സമുദ്രഭാഗങ്ങളിൽ വേലിയിറക്കവും അനുഭവപ്പെടുന്നു.

**സമുദ്രജലപ്രവാഹങ്ങൾ**

സമുദ്രങ്ങളിൽ നിശ്ചിത പാതയിലൂടെ സമുദ്രജലം തുടർച്ചയായി ഒഴുകുന്ന പ്രതിഭാസമാണ് സമുദ്രജലപ്രവാഹം. കാറ്റ്, സമുദ്രജലത്തിന്റെ ഊഷ്മാവിലുണ്ടാകുന്ന വ്യത്യാസങ്ങൾ, ലവണത്വത്തിലെ വ്യത്യാസങ്ങൾ, ഭൂമിയുടെ ഭ്രമണം തുടങ്ങിയവ സമുദ്രജല പ്രവാഹങ്ങൾക്ക് ചില കാരണങ്ങളാണ്.

ആശയപടം പൂർത്തിയാക്കാം.

സമുദ്രജലചലനങ്ങൾ

| | | |
|---|---|---|
| ........................ കാറ്റ് സമുദ്രോപരിതലത്തിൽ ഉണ്ടാക്കുന്ന ചലനം | വേലിയേറ്റവും വേലിയിറക്കവും ........................ ........................ | ........................ ........................ ........................ |

ദിയ സമുദ്രജലം രുചിച്ച അനുഭവം വായിച്ചില്ലേ.

എന്തുകൊണ്ടാണ് സമുദ്രജലത്തിന് ഉപ്പുരസം ഉള്ളതെന്ന് നിങ്ങൾക്കറിയാമോ?

എല്ലാ ജലസ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന ജലത്തിലും ധാതുലവണങ്ങൾ അലിഞ്ഞ് ചേർന്നിട്ടുണ്ട്. എന്നാൽ സമുദ്രജലത്തിൽ ലവണങ്ങളുടെ അളവ് പൊതുവെ കൂടുതലാണ്. അതുകൊണ്ടാണ് സമുദ്രജലത്തിന് ഉപ്പുരസമുള്ളത്. ജലത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള എല്ലാ ധാതുലവണങ്ങളുടെയും മൊത്തം അളവാണ് ലവണത്വം.

## സമുദ്രവും മനുഷ്യരും

അമൂല്യമായ വിഭവങ്ങളുടെ ഉറവിടങ്ങളാണ് സമുദ്രങ്ങൾ. സമുദ്രങ്ങൾ എങ്ങനെയാണ് നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നത്? ചിത്രം നിരീക്ഷിച്ച് പട്ടികപ്പെടുത്തൂ.




- കാലാവസ്ഥയെ നിയന്ത്രിക്കുന്നു.
- 
- 
- 

പ്രാചീനകാലം മുതൽ  മനുഷ്യർ സമുദ്രങ്ങളെ ഉപജീവനത്തിനായി ആശ്രയിക്കുന്നു. മത്സ്യ സമ്പത്തിനൊപ്പം മൂല്യമേറിയ മറ്റുവിഭവങ്ങളും സമുദ്രം പ്രദാനം ചെയ്യുന്നു. രാജ്യാന്തര വാണിജ്യ ബന്ധങ്ങൾ നിലനിർത്തുന്നതിന് സമുദ്രഗതാഗതം സഹായിക്കുന്നു. ആഗോളതാപനത്തെ നിയ ന്ത്രിക്കുന്നതിലും ഓക്സിജൻ ഉൽപാദിപ്പിക്കുന്നതിലും സമുദ്രങ്ങളുടെ പങ്ക് വളരെ വലുതാണ്. സമുദ്ര തീരങ്ങൾ പൊതുവെ വിനോദസഞ്ചാര കേന്ദ്രങ്ങൾ കൂടിയാണ്.

## സമുദ്രജല മലിനീകരണം



ചിത്രം 10.3



ചിത്രം 10.4



ചിത്രം 10.5



ചിത്രം 10.6

ചിത്രങ്ങൾ നിരീക്ഷിച്ചല്ലോ.

ഇത്തരം കാഴ്ചകൾ നിങ്ങൾക്ക് പരിചിതമാണോ?

സമുദ്രങ്ങൾ പലതരത്തിലുള്ള വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുണ്ട്. മലിനീകരണമാണ് സമുദ്രങ്ങൾ നേരിടുന്ന പ്രധാനപ്രശ്നം. രാസവസ്തുക്കളും മറ്റ് ഹാനികരമായ പദാർത്ഥങ്ങളും സമുദ്രത്തിൽ എത്തിച്ചേരുന്നതും സമുദ്ര ആവാസവ്യവസ്ഥയ്ക്ക് ഭീക്ഷണിയാണ്. സമുദ്രങ്ങളെ മാത്രമല്ല നദികൾ, തടാകങ്ങൾ തുടങ്ങിയ ശുദ്ധജല സ്രോതസ്സുകളെയും മലിനീകരണം ബാധിക്കുന്നു.

## സമുദ്രജല സംരക്ഷണ മാർഗങ്ങൾ

സമുദ്രജല സംരക്ഷണ മാർഗങ്ങൾ പരിശോധിക്കാം.

- പ്ലാസ്റ്റിക്, രാസവസ്തുക്കൾ മുതലായവ സമുദ്രങ്ങളിലേക്ക് എത്തുന്നത് തടയുക.
- തീരങ്ങളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുക.
- സമുദ്ര സംരക്ഷണത്തെക്കുറിച്ച് അവബോധം വളർത്തുക
- സുസ്ഥിരമല്ലാത്ത മത്സ്യബന്ധനം നിയന്ത്രിക്കുക.
- സമുദ്രത്തിലെ ആവാസവ്യവസ്ഥകളെ സംരക്ഷിക്കുക
- 

സമുദ്ര ജലസംരക്ഷണത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന മുദ്രാഗീതങ്ങൾ തയ്യാറാക്കൂ.

സമുദ്രങ്ങളെയും അവയുടെ സവിശേഷതകളെയും നാം തിരിച്ചറിഞ്ഞല്ലോ. സൂക്ഷ്മ ജീവികൾ മുതൽ നീലത്തിമിംഗിലം വരെയുള്ള വ്യത്യസ്ത ജീവിവർഗങ്ങളും വൈവിധ്യമാർന്ന സസ്യജാലങ്ങളും അടങ്ങിയ സമുദ്ര ആവാസവ്യവസ്ഥയെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. ജലത്തിന്റെ ദുരുപയോഗവും മലിനീകരണവും ഭൂമിയിൽ ജീവന്റെ നിലനില്പിനെത്തന്നെ ഭീഷണിയിലാഴ്ത്തിയിരിക്കുകയാണ്. അതിനാൽ ജലസംരക്ഷണത്തിനായി നമുക്ക് കൈകോർക്കാം. ഭൂമി എന്നും ജലഗ്രഹമായി തന്നെ തുടരട്ടെ.

## തുടർപ്രവർത്തനങ്ങൾ

- സമുദ്രങ്ങളെയും അവയുടെ സവിശേഷതകളെയും കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കൂ.
- ജല മലിനീകരണവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ഡിജിറ്റൽ ആൽബം തയ്യാറാക്കൂ.
- സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സമുദ്രദിനത്തോടനുബന്ധിച്ച് 'സമുദ്രവും മനുഷ്യരും' എന്ന വിഷയത്തിൽ പ്രസംഗ മത്സരം സംഘടിപ്പിക്കൂ.



11

# സ്വരുക്കൂട്ടാം... കരുതിവയ്ക്കാം...




ചിത്രം 11.1




ചിത്രം 11.2

ടീച്ചറും കുട്ടികളും തമ്മിലുള്ള സംഭാഷണം ശ്രദ്ധിച്ചല്ലോ. എന്തിനെക്കുറിച്ചാണ് അവർ സംസാരിക്കുന്നത്?

•

നിങ്ങൾക്കെല്ലാവർക്കും ബാങ്ക് അക്കൗണ്ട് ഉണ്ടോ? ബാങ്കിനെക്കുറിച്ചും ബാങ്ക് അക്കൗണ്ടുകളെക്കുറിച്ചും നമുക്ക് പരിശോധിക്കാം.

എന്താണ് ബാങ്ക്?

പൊതുജനങ്ങളിൽ നിന്നും പണം നിക്ഷേപമായി സ്വീകരിക്കുകയും ആവശ്യക്കാർക്ക് മാനദണ്ഡങ്ങൾ പാലിച്ച് പണം വായ്പയായി നൽകുകയും ചെയ്യുന്ന ധനകാര്യ സ്ഥാപനങ്ങളാണ് ബാങ്കുകൾ.

ഇന്നത്തെ രീതിയിലുള്ള ബാങ്കുകൾ രൂപം കൊണ്ടതെങ്ങനെയെന്ന് നമുക്ക് പരിശോധിക്കാം.

## ബാങ്കുകൾ രൂപംകൊള്ളുന്നു

മിച്ചംവന്ന പണം വ്യക്തികൾ ആവശ്യക്കാർക്ക് വായ്പ നൽകാൻ തുടങ്ങിയത് പ്രാദേശികമായി പണമിടപാട് നടത്തുന്ന വ്യക്തികളുടെ (Local money lenders) ആവിർഭാവത്തിന് കാരണമായി. വായ്പ ആവശ്യമുള്ളവരുടെ എണ്ണം വർധിച്ചപ്പോൾ പണമിടപാട് നടത്തിയിരുന്നവർക്ക് കൂടുതൽ പണം കണ്ടെത്തേണ്ടതായി വന്നു. ഇതിനായി അവർ നിക്ഷേപങ്ങൾ സ്വീകരിക്കാൻ തുടങ്ങിയത് പണമിടപാട് സ്ഥാപനങ്ങളുടെ രൂപീകരണത്തിലേക്ക് നയിച്ചു. വായ്പ തിരിച്ചടയ്ക്കാനുള്ള ശേഷി, വിശ്വാസ്യത എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ഈ സ്ഥാപനങ്ങൾ ആവശ്യക്കാർക്ക് പണം വായ്പയായി നൽകിയിരുന്നത്. നിക്ഷേപം സ്വീകരിക്കലും വായ്പ നൽകലും ക്രമാതീതമായി വർധിച്ചപ്പോൾ വ്യക്തികൾക്ക് ഈ പ്രവർത്തനങ്ങൾ സ്വയം നിർവഹിക്കാൻ കഴിയാതെവന്നു. ഇത് ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ ഉദയത്തിന് വഴിയൊരുക്കി.

### എന്താണ് പണം?

സാധനങ്ങളും സേവനങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നതിന് പകരമായി സ്വീകരിക്കപ്പെടുന്ന എന്തിനെയും പൊതുവെ പണമെന്ന് വിളിക്കാം. സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യം നിശ്ചയിച്ച് കൈമാറ്റം സുഗമമാക്കാൻ സഹായിക്കുന്നത് പണമാണ്.






### ബാങ്ക്

ഇറ്റാലിയൻ ഭാഷയിലെ 'ബാങ്ക' (Banca), ഫ്രഞ്ച് ഭാഷയിലെ 'ബാങ്ക്' (Banque) എന്നീ പദങ്ങളിൽ നിന്നാണ് ഇംഗ്ലീഷ് ഭാഷയിലെ ബാങ്ക് (Bank) എന്ന വാക്കുണ്ടായത്. രണ്ടു വാക്കുകളുടെയും അർത്ഥം 'ബഞ്ച്' എന്നാണ്. പണ്ട് ഇറ്റാലിയൻ തെരുവുകളിൽ സ്വർണ്ണവും വെള്ളിയുമൊക്കെ ഈടായി സ്വീകരിച്ച് വ്യാപാരികൾ പണം കടം കൊടുത്തിരുന്നു. നാണയങ്ങൾ നിരത്തിവച്ച ബഞ്ചുകളിൽ ഇരുന്നാണ് അവർ ഇടപാടുകൾ നടത്തിയിരുന്നത്.

പ്രാദേശിക പണമിടപാട് സ്ഥാപനങ്ങൾ ബാങ്കുകളായി വളർന്നപ്പോൾ സാമ്പത്തിക പ്രവർത്തനങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് സംഭവിച്ചതെന്ന് നോക്കാം.

- കൂടുതൽപേർക്ക് വായ്പ ലഭിച്ചുതുടങ്ങി
- ചൂഷണത്തിന്റെ അളവ് കുറഞ്ഞു
- ജനങ്ങളിൽ സമ്പാദ്യശീലം വർധിച്ചു

ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ വരവോടുകൂടിയാണ് ഇന്ത്യയിൽ പുതിയൊരു ബാങ്കിംഗ് സമ്പ്രദായത്തിന് തുടക്കം കുറിച്ചത്. 1770-ൽ സ്ഥാപിതമായ ബാങ്ക് ഓഫ് ഹിന്ദുസ്ഥാനാണ് ഇന്ത്യയിലെ ആദ്യ ബാങ്ക്. കേരളത്തിലെ ആദ്യ ബാങ്ക് 1899-ൽ കോഴിക്കോട് ആസ്ഥാനമായി സ്ഥാപിതമായ നെടുങ്ങാടി ബാങ്കാണ്. അപ്പു നെടുങ്ങാടിയാണ് ഈ സ്വകാര്യ ബാങ്ക് സ്ഥാപിച്ചത്.

1935-ൽ സ്ഥാപിക്കപ്പെട്ട റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ് ഇന്ത്യയുടെ കേന്ദ്ര ബാങ്ക്. ഇതിന്റെ ആസ്ഥാനം മുംബൈയിലാണ്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്രധാന ധർമ്മങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

**റിസർവ് ബാങ്ക് ഓഫ് ഇന്ത്യ**

- ഒരുരൂപ നോട്ട് ഒഴികെയുള്ള എല്ലാ കറൻസി നോട്ടുകളും അച്ചടിച്ചിറക്കുന്നു
- വായ്പ നിയന്ത്രിക്കുന്നു
- ബാങ്കുകളുടെ ബാങ്ക് എന്നറിയപ്പെടുന്നു
- ഗവൺമെന്റിന്റെ ബാങ്കായി പ്രവർത്തിക്കുന്നു

റിസർവ് ബാങ്കിന്റെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വായന കാർഡ് തയ്യാറാക്കൂ.

പേര് :

സ്ഥാപിതം :

ധർമ്മങ്ങൾ :

## ബാങ്കുകളുടെ പ്രവർത്തനം



വസ്തു വിറ്റുകിട്ടിയ 5 ലക്ഷം രൂപ കൈയിലുണ്ട്. അടുത്തവർഷം മകളുടെ ഉന്നതപഠനത്തിനായി ഈ തുക വേണ്ടിവരും. അതുവരെ ഈ പണത്തിൽ നിന്നും വരുമാനം ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഞാൻ വാങ്ങാൻ ആഗ്രഹിക്കുന്ന വീടിന് 12 ലക്ഷം രൂപയാകും. എന്റെ കൈവശം 5 ലക്ഷം രൂപയേ ഉള്ളൂ. ബാക്കി 7 ലക്ഷം രൂപ കടമായി വാങ്ങാം. 15 വർഷത്തിനകം തവണകളായി തിരികെ നൽകാം.



രണ്ട് സാഹചര്യങ്ങളും പരിശോധിക്കൂ. രണ്ട് വ്യക്തികളുടെയും ആവശ്യങ്ങൾ എന്തൊക്കെയാണ്?

വ്യക്തികളുടെ ഇത്തരം ആവശ്യങ്ങൾ സാധ്യമാക്കുന്നത് ബാങ്കുകളാണ്. നിക്ഷേപകരുടെയും വായ്പ സ്വീകരിക്കുന്നവരുടെയും മധ്യവർത്തികളായി ബാങ്കുകൾ നിലകൊള്ളുന്നു. പൊതുനിയമാവലിയുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് ബാങ്കുകൾ പ്രവർത്തിക്കുന്നത്.

ചിത്രം നിരീക്ഷിച്ച് പട്ടിക പൂർത്തിയാക്കൂ.




| നിക്ഷേപകർ | വായ്പ സ്വീകരിക്കുന്നവർ |
|---|---|
| • | • |
| • | • |
| • | • |

വ്യക്തികൾ, സ്ഥാപനങ്ങൾ, സർക്കാർ എന്നിവരിൽ നിന്നും ബാങ്കുകൾ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു. നിക്ഷേപങ്ങൾ നിശ്ചിത കാലാവധിക്കുശേഷം പലിശയോടുകൂടി ബാങ്ക് തിരികെ നൽകുന്നു. ഇത്തരം നിക്ഷേപങ്ങളിൽ നിന്നാണ് ബാങ്ക് ആവശ്യക്കാർക്ക് പണം വായ്പയായി നൽകുന്നത്. വായ്പ സ്വീകരിക്കുന്നവർ പലിശയോടുകൂടി ഈ തുക ബാങ്കിന് തിരികെ നൽകുന്നു. ബാങ്കിംഗ് വ്യവസായം നടത്തുന്ന വ്യക്തിയെയോ സ്ഥാപനത്തെയോ ബാങ്കർ എന്നറിയപ്പെടുന്നു.

ബാങ്കുകൾ നിക്ഷേപകരുടെയും വായ്പ സ്വീകരിക്കുന്നവരുടെയും മധ്യവർത്തി കളാണ്. ഈ പ്രസ്താവന സാധൂകരിക്കൂ.

പരസ്യങ്ങൾ ശ്രദ്ധിക്കൂ.



ചിത്രം 11.3



ചിത്രം 11.4

ഈ പരസ്യങ്ങളിൽ പൊതുവായി പരാമർശിച്ചിരിക്കുന്നത് എന്തിനെക്കുറിച്ചാണ്?

പണം കടം വാങ്ങുമ്പോൾ അധികമായി തിരികെ നൽകേണ്ടതും നിക്ഷേപങ്ങൾക്ക് അധികമായി ലഭിക്കുന്നതുമായ തുകയാണ് പലിശ.

നിക്ഷേപത്തിനും വായ്പയ്ക്കും പലിശയുണ്ട്. വായ്പ എടുക്കുന്നവരിൽ നിന്നും ബാങ്ക് ഒരു നിശ്ചിത തുക പലിശയായി ഈടാക്കുന്നു. ഇതിൽ നിന്നാണ് ബാങ്കിന്റെ പ്രവർത്തനങ്ങൾക്കുള്ള തുക കണ്ടെത്തുന്നതും പണം നിക്ഷേപിച്ചവർക്കുള്ള പലിശ നൽകുന്നതും.

മുകളിൽ നൽകിയിരിക്കുന്ന ചിത്രങ്ങൾ പരിശോധിച്ച് നിക്ഷേപത്തിനാണോ വായ്പയ്ക്കാണോ പലിശ കൂടുതൽ എന്ന് കണ്ടെത്തൂ. എന്തുകൊണ്ടെന്ന് ചർച്ച ചെയ്യൂ.

## അക്കൗണ്ട് തുടങ്ങാം



*" എനിക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനായി അമ്മയോടൊപ്പമാണ് ഞാൻ ബാങ്കിലേക്ക് പോയത്. എന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ആധാർ കാർഡിന്റെ കോപ്പിയും മറ്റ് രേഖകളും അമ്മ കൈയിൽ കരുതിയിരുന്നു. അക്കൗണ്ട് തുടങ്ങാനുള്ള ഫോറം പൂരിപ്പിച്ച് ഞാൻ അതിൽ ഒപ്പിട്ടു. പൂരിപ്പിച്ച അപേക്ഷയും കൈവശമുണ്ടായിരുന്ന രേഖകളും അമ്മ കൗണ്ടറിൽ ഏൽപ്പിച്ചു".*

അക്കൗണ്ട് തുടങ്ങാനായി ബാങ്കിൽ പോയ റിയയുടെ അനുഭവം വായിച്ചല്ലോ. നിങ്ങളും ബാങ്ക് അക്കൗണ്ട് എടുത്ത അനുഭവം ക്ലാസിൽ പങ്കുവയ്ക്കൂ.

അക്കൗണ്ട് തുടങ്ങാൻ പൂരിപ്പിച്ച അപേക്ഷയോടൊപ്പം ബാങ്കിൽ സമർപ്പിച്ച രേഖകൾ എന്തെല്ലാം? പട്ടികപ്പെടുത്തൂ.

- 
- 

### എന്താണ് ബാങ്ക് അക്കൗണ്ട്?

ബാങ്കും ഇടപാടുകാരും തമ്മിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനുള്ള ക്രമീകരണമാണ് ബാങ്ക് അക്കൗണ്ട്. ഇവ രേഖപ്പെടുത്തുന്നത് പാസ്ബുക്കിലാണ്.

**പാസ് ബുക്ക്**

ബാങ്കും ഉപഭോക്താവും തമ്മിലുള്ള സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് പാസ് ബുക്ക്. ഉടമയുടെ പേര്, വിലാസം, അക്കൗണ്ടിന്റെ സ്വഭാവം, അക്കൗണ്ട് നമ്പർ, ബാങ്കിനെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ എന്നിവ ഇതിൽ ഉണ്ടാകും.

പത്ത് വയസ്സിന് മുകളിലുള്ള എല്ലാവർക്കും സ്വന്തമായി ബാങ്ക് അക്കൗണ്ട് തുടങ്ങാവുന്നതാണ്. പത്ത് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് രക്ഷിതാവിനൊപ്പം സംയുക്ത അക്കൗണ്ട് എടുക്കാവുന്നതാണ്. ഇപ്പോൾ ബാങ്ക് അക്കൗണ്ട് ഓൺലൈനായും ആരംഭിക്കാവുന്നതാണ്.

വിദ്യാർഥികൾക്ക് ബാങ്ക് അക്കൗണ്ട് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം? കണ്ടെത്തി പട്ടിക പൂർത്തിയാക്കുക

- വിവിധ ഗ്രാന്റുകൾ ലഭിക്കുന്നതിന്.
- 
- 
- 

## വിവിധതരം അക്കൗണ്ടുകളും നിക്ഷേപങ്ങളും



ചിത്രം 11.5

ആകാശ്: ടീച്ചർ, റിയയുടെ പാസ്ബുക്കിൽ റിയയുടെ ഫോട്ടോ മാത്രമേ ഉള്ളൂ. എന്നാൽ എന്റെ പാസ്ബുക്കിൽ എന്റെയും അമ്മയുടെയും ഫോട്ടോ ഉണ്ടല്ലോ. അതെന്താ?

ടീച്ചർ: ആകാശ്, അതുരണ്ടും രണ്ടുതരം അക്കൗണ്ടുകളാണ്.

ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ ബാങ്ക് അക്കൗണ്ടുകളെ പ്രധാനമായും മൂന്നായി തരംതിരിക്കാം.

**ബാങ്ക് അക്കൗണ്ടുകൾ**

**വ്യക്തിഗത അക്കൗണ്ട്**
**Individual Account**
ഒരു വ്യക്തിയുടെ പേരിൽ തുടങ്ങുന്ന അക്കൗണ്ട്. ആ വ്യക്തിക്ക് മാത്രമേ ഈ അക്കൗണ്ടിലൂടെ ബാങ്കുമായി ഇടപാടുകൾ നടത്താൻ കഴിയൂ.

**സംയുക്ത അക്കൗണ്ട്**
**Joint Account**
രണ്ടോ അതിലധികമോ വ്യക്തികളോ സ്ഥാപനങ്ങളോ ചേർന്ന് ആരംഭിക്കുന്ന അക്കൗണ്ടാണ് സംയുക്ത അക്കൗണ്ട്.

**സ്ഥാപന അക്കൗണ്ട്**
**Institutional Account**
ഒരു സ്ഥാപനത്തിന്റെ പേരിൽ തുടങ്ങുന്ന അക്കൗണ്ട്. സ്ഥാപനത്തിലെ അധികാരപ്പെട്ട വ്യക്തിയാണ് അക്കൗണ്ട് ആരംഭിക്കുന്നതും ഇടപാടുകൾ നടത്തുന്നതും.

വ്യത്യസ്തതരം അക്കൗണ്ടുകൾ പരിചയപ്പെട്ടല്ലോ. നിക്ഷേപങ്ങളെയും അവയുടെ സ്വഭാവമനുസരിച്ച് പലതായി തരം തിരിക്കാം. അവ ഏതൊക്കെയാണെന്ന് നോക്കാം.

**നിക്ഷേപങ്ങൾ**

- സമ്പാദ്യ നിക്ഷേപങ്ങൾ (Savings Deposit)
- പ്രചലിത നിക്ഷേപങ്ങൾ (Current Deposit)
- സ്ഥിര നിക്ഷേപങ്ങൾ (Fixed Deposit)
- ആവർത്തിത നിക്ഷേപങ്ങൾ (Recurring Deposit)

### സമ്പാദ്യ നിക്ഷേപങ്ങൾ (Savings Deposit)

വ്യക്തികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് വേണ്ടിയുള്ള നിക്ഷേപമാണിത്. വ്യക്തിഗത-സംയുക്ത അക്കൗണ്ടുകാർക്ക് സമ്പാദ്യ നിക്ഷേപം തുടങ്ങാവുന്നതാണ്. ഈ നിക്ഷേപങ്ങൾക്ക് ബാങ്ക് കുറഞ്ഞ നിരക്കിൽ പലിശ നൽകുന്നുണ്ട്. എത്ര തവണ വേണമെങ്കിലും പണം നിക്ഷേപിക്കാം. എന്നാൽ പണം പിൻവലിക്കുന്നതിന് ചില നിയന്ത്രണങ്ങളുണ്ട്.

### പ്രചലിത നിക്ഷേപങ്ങൾ (Current Deposit)

വ്യാപാരികളെയും വ്യവസായികളെയും ലക്ഷ്യം വച്ചുകൊണ്ടുള്ള നിക്ഷേപമാണിത്. ഒരു ദിവസം എത്ര ഇടപാടുകൾ വേണമെങ്കിലും നടത്താം. പണം നിക്ഷേപിക്കുന്നതിനും പിൻവലിക്കുന്നതിനും നിയന്ത്രണങ്ങളില്ല. ഈ നിക്ഷേപങ്ങൾക്ക് പലിശ ലഭിക്കുന്നതല്ല.

### സ്ഥിര നിക്ഷേപങ്ങൾ (Fixed Deposit)

ഒറ്റത്തവണ മാത്രം നിക്ഷേപിക്കുകയും ഒരു നിശ്ചിത കാലയളവിന് ശേഷം നിക്ഷേപം പലിശയോടുകൂടി പിൻവലിക്കുകയും ചെയ്യുന്ന നിക്ഷേപമാണ് സ്ഥിര നിക്ഷേപങ്ങൾ. ഇത്തരം നിക്ഷേപങ്ങൾക്ക് ബാങ്ക് കൂടുതൽ പലിശ നൽകുന്നു.

### ആവർത്തിത നിക്ഷേപങ്ങൾ (Recurring Deposit)

സ്ഥിരനിക്ഷേപത്തിന്റെ മറ്റൊരു രൂപമാണിത്. ഒരു പ്രത്യേക കാലയളവിലേക്ക് നിശ്ചിത തുക കൃത്യമായ ഇടവേളകളിൽ (ദിവസത്തിൽ, ആഴ്ചയിൽ, മാസത്തിൽ) ഈ അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. കാലാവധി പൂർത്തിയായതിന് ശേഷമേ തുക പിൻവലിക്കാൻ കഴിയൂ. സമ്പാദ്യനിക്ഷേപത്തേക്കാൾ കൂടുതൽ പലിശ ലഭിക്കുന്നു.

വർക്ക്ഷീറ്റ് പൂർത്തിയാക്കാം.

| നിക്ഷേപങ്ങൾ | കാലയളവ് | പലിശ | പിൻവലിക്കൽ |
|---|---|---|---|
| സമ്പാദ്യ നിക്ഷേപം | ബാധകമല്ല | ......................... | നിയന്ത്രണങ്ങളുണ്ട് |
| പ്രചലിത നിക്ഷേപം | ബാധകമല്ല | ......................... | ......................... |
| ......................... | ബാധകമാണ് | ......................... | കാലാവധിക്കുശേഷം മാത്രം |
| ആവർത്തിത നിക്ഷേപം | ......................... | ഉയർന്നപലിശ | ......................... |

സമ്മാനമായും പോക്കറ്റ്മണിയായും ലഭിക്കുന്ന പണം നിങ്ങൾ എങ്ങനെയാണ് സൂക്ഷിക്കാറുള്ളത്? ഇവ സ്വരുക്കൂട്ടി വച്ചാൽ ഭാവിയിലെ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയില്ലേ? സമ്പാദ്യശീലം വളർത്തുന്നതിന് സ്കൂളിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ? അന്വേഷിക്കൂ.



1970 കളുടെ തുടക്കത്തിൽ, സ്കൂൾ വിദ്യാർഥികൾക്കുവേണ്ടി കേന്ദ്രസർക്കാർ നടപ്പിലാക്കിയ സമ്പാദ്യപദ്ധതിയാണ് സഞ്ചയിക. ഇപ്പോൾ സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം (Students Savings Scheme) എന്ന പേരിലാണ് ഈ പദ്ധതി അറിയപ്പെടുന്നത്. വിദ്യാർഥികളിൽ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിനും ബാങ്കിംഗ് പ്രവർത്തനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി രൂപപ്പെടുത്തിയതാണിത്. ദേശീയ സമ്പാദ്യ പദ്ധതിയുടെ കീഴിലാണിത് പ്രവർത്തിക്കുന്നത്. പദ്ധതിയിൽ ചേരുന്ന വിദ്യാർഥികൾക്ക് സ്കൂളിൽ നിന്നും അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയ പാസ്ബുക്ക് ലഭിക്കും.

## വിവിധതരം ബാങ്കുകൾ

Union Bank of India
केनरा बैंक Canara Bank
SBI
KERALA BANK Kerala State Co-operative Bank

ചിത്രം 11.6

കൊളാഷ് ശ്രദ്ധിക്കൂ.

ഈ ബാങ്കുകളുടെ പേരുകൾ പരിചിതമാണോ? നിങ്ങൾക്കറിയാവുന്ന മറ്റുബാങ്കുകളുടെ പേരുകൾ കൂട്ടിച്ചേർക്കൂ.

- 
- 
- 
- 

വിവിധതരം ബാങ്കുകളെ പരിചയപ്പെടാം.




## വാണിജ്യ ബാങ്കുകൾ

ബാങ്കിംഗ് മേഖലയിൽ ഏറ്റവും പഴക്കംചെന്നതും ധാരാളം ശാഖകളുള്ളതുമായ ബാങ്കുകളാണ് വാണിജ്യ ബാങ്കുകൾ. നിക്ഷേപം സ്വീകരിക്കൽ, വായ്പ നൽകൽ, ലോക്കർ സൗകര്യം, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, ഓൺലൈൻ ബാങ്കിംഗ് എന്നീ സേവനങ്ങൾ ഇടപാടുകാർക്ക് ലഭ്യമാക്കുന്നു. വാണിജ്യ ബാങ്കുകളെ പൊതുമേഖല ബാങ്കുകൾ എന്നും സ്വകാര്യമേഖല ബാങ്കുകൾ എന്നും രണ്ടായി തരംതിരിക്കാം. ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖല വാണിജ്യ ബാങ്കാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (SBI).

> **പൊതുമേഖല ബാങ്കുകളും സ്വകാര്യമേഖല ബാങ്കുകളും**
>
> പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ബാങ്കുകളാണ് പൊതുമേഖല ബാങ്കുകൾ. ഉദാ: യൂണിയൻ ബാങ്ക്, കാനറ ബാങ്ക്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ബാങ്കുകളാണ് സ്വകാര്യമേഖല ബാങ്കുകൾ. ഈ ബാങ്കുകളും റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമാണ്. ഉദാ: സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്.

## സഹകരണ ബാങ്കുകൾ

കർഷകർക്കും കൈത്തൊഴിലുകാർക്കും ചെറുകിട വ്യവസായികൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ബാങ്കുകളാണ് സഹകരണ ബാങ്കുകൾ. സ്വയംസഹായവും പരസ്പരസഹായവും പ്രോത്സാഹിപ്പിക്കുക, ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക, നിക്ഷേപം വർധിപ്പിക്കുക, സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുക എന്നിവയാണ് സഹകരണബാങ്കുകളുടെ പ്രധാന ലക്ഷ്യങ്ങൾ. കേരള സർക്കാർ രൂപീകരിച്ച കേരളബാങ്ക് അത്തരത്തിലൊരു ബാങ്കാണ്. ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ റൂറൽ സഹകരണ ബാങ്കുക

ളെന്നും നഗരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്നവയെ അർബൻ സഹകരണ ബാങ്കുകളെന്നും വിളിക്കുന്നു.

**കേരള ബാങ്ക്**

കേരള സർക്കാർ രൂപീകരിച്ച ഒരു സഹകരണ ബാങ്കാണ് കേരള ബാങ്ക്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് ആണ് കേരള ബാങ്ക് എന്ന പേരിൽ അറിയപ്പെടുന്നത്. സംസ്ഥാന സഹകരണബാങ്കും ജില്ലാസഹകരണ ബാങ്കുകളും സംയോജിപ്പിച്ചാണ് കേരള ബാങ്ക് രൂപീകരിച്ചത്. ഇതിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്.

## വികസന ബാങ്കുകൾ

വ്യവസായ-വാണിജ്യ-കാർഷിക രംഗങ്ങളിൽ ദീർഘകാല വായ്പകൾ നൽകുന്ന ബാങ്കുകളാണ് വികസന ബാങ്കുകൾ. ഉദാ: ഇൻഡസ്ട്രിയൽ ഫിനാൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (IFCI), ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക് (NABARD).

വിവിധതരം ബാങ്കുകളും അവയുടെ സവിശേഷതകളും എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിക്കൂ.

## ബാങ്കിംഗ്: മാറുന്ന മുഖം




ചിത്രം 11.7

ചിത്രങ്ങൾ നിരീക്ഷിക്കൂ. ഇത്തരം നൂതനസംവിധാനങ്ങളുടെ ഉപയോഗം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

ആധുനിക കാലഘട്ടത്തിൽ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന മേഖലയാണ് ബാങ്കിംഗ്. മാറുന്ന കാലത്തിനനുസരിച്ച് ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്ന നിരവധി സംവിധാന

ങ്ങൾ ബാങ്കുകൾ നടപ്പിലാക്കിവരുന്നു. ബാങ്കിൽ നേരിട്ട് പോയി ഇടപാടുകൾ നടത്തിയിരുന്ന കാലം മാറിയിരിക്കുന്നു. മൊബൈൽ ആപ്പുകൾ, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവയുടെ വരവോടെ ഇടപാടുകാർക്ക് വിവിധ ബാങ്കിംഗ് സേവനങ്ങൾ അനായാസം ലഭ്യമാകുന്നു. കൈയിൽ പണം കരുതാതെയും പണമിടപാടുകൾ നടത്താൻ കഴിയുന്ന സംവിധാനത്തിലേക്ക് ബാങ്കിംഗ് മാറിക്കഴിഞ്ഞു. അവ ഏതൊക്കെയാണെന്ന് നമുക്ക് പരിചയപ്പെടാം.

### എ.ടി.എം. (Automated Teller Machine)

ബാങ്കിൽ പോകാതെ ഏതുസമയത്തും പണം അക്കൗണ്ടിൽ നിന്ന് പിൻവലിക്കാൻ എ.ടി.എം. നമ്മെ സഹായിക്കുന്നു. സി.ഡി.എം. (Cash Deposit Machine) സൗകര്യമുപയോഗിച്ച് ഏതുസമയത്തും പണം നിക്ഷേപിക്കുവാനും കഴിയും.

### യു.പി.ഐ. (Unified Payments Interface)

ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളെ ഒരൊറ്റ മൊബൈൽ ആപ്ലിക്കേഷനിലൂടെ ഉപയോഗപ്പെടുത്താൻ കഴിയുന്ന ഡിജിറ്റൽ സംവിധാനമാണ് യു.പി.ഐ. ബാങ്കിലോ എ.ടി.എമ്മിലോ പോകാതെ പണമിടപാടുകൾ നടത്താൻ ഈ സംവിധാനത്തിലൂടെ കഴിയും. ഏത് സമയത്തും ഡിജിറ്റൽ ഉപകരണങ്ങളുടെ സഹായത്തോടെ പണം കൈമാറാം. ക്യൂ ആർ കോഡ് (Quick Response code), മൊബൈൽ ഫോൺ നമ്പർ, അക്കൗണ്ട് നമ്പർ എന്നിവ ഉപയോഗിച്ച് ഇടപാടുകൾ നടത്താം.

#### ക്രെഡിറ്റ് കാർഡും ഡെബിറ്റ് കാർഡും



പണമിടപാടുകൾ നടത്താൻ വേണ്ടി ബാങ്കുകൾ ഇടപാടുകാർക്ക് നൽകുന്ന കാർഡുകളാണ് ക്രെഡിറ്റ് കാർഡും ഡെബിറ്റ് കാർഡും. പണം കൈവശം കരുതണ്ട എന്നതാണ് ഇതിലൂടെ ഇടപാടുകാർക്ക് ലഭിക്കുന്ന പ്രധാന സൗകര്യം. എന്നാൽ അക്കൗണ്ടിൽ പണമുണ്ടെങ്കിൽ മാത്രമേ ഡെബിറ്റ് കാർഡ് ഉപയോഗിക്കാൻ കഴിയൂ. അക്കൗണ്ടിൽ പണമില്ലെങ്കിലും ഇടപാടുകൾ നടത്താൻ സഹായിക്കുന്ന കാർഡാണ് ക്രെഡിറ്റ് കാർഡ്. ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് നിശ്ചിത ദിവസത്തേക്ക് ബാങ്കുകൾ പണം കടമായാണ് നൽകുന്നത്. സമയപരിധിക്കുള്ളിൽ പണം തിരികെ അടച്ചില്ലെങ്കിൽ ബാങ്കുകൾ പലിശ ഈടാക്കുന്നതാണ്.

ഡിജിറ്റൽ ഉപകരണങ്ങൾ/കാർഡുകൾ ഉപയോഗിച്ച് സാമ്പത്തിക ഇടപാടുകൾ നടത്താവുന്ന സന്ദർഭങ്ങൾ കണ്ടെത്തി എഴുതൂ.

- 
- 
- 

## കരുതലോടെ ബാങ്കിംഗ്

ലോൺ ആപ്പുകൾ: ജാഗ്രത പാലിക്കണമെന്ന് പോലീസ്

ഡിജിറ്റൽ അറസ്റ്റിലൂടെ പണംതട്ടി

ഓൺലൈൻ ട്രേഡിങ്: അക്കൗണ്ടിൽ നിന്നും ലക്ഷങ്ങൾ നഷ്ടപ്പെട്ടു

ഒ.ടി.പി. കൈക്കലാക്കി പണം തട്ടിപ്പ്

വാർത്തകൾ ശ്രദ്ധിച്ചില്ലേ.

സൈബർ രംഗത്ത് ഇത്തരം തട്ടിപ്പുകൾ ഇന്ന് വ്യാപകമാണ്. ഇവ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനും സ്വീകരിക്കേണ്ട മുൻകരുതലുകൾ പരിചയപ്പെടാം.

എ.ടി.എം. പിൻ, ഒ.ടി.പി. എന്നിവ പങ്കുവയ്ക്കരുത്.

സംശയാസ്പദമായ ഓൺലൈൻ ലിങ്കുകൾ തുറക്കാതിരിക്കുക.

അക്കൗണ്ട് വിവരങ്ങൾ അന്വേഷിച്ചുകൊണ്ടുള്ള ഫോൺ സന്ദേശങ്ങളോട് പ്രതികരിക്കാതിരിക്കുക.

എ.ടി.എം. പിൻ ഫോണിൽ സൂക്ഷിക്കാതിരിക്കുക

ശക്തമായ പാസ്‌വേർഡുകൾ ഉപയോഗിക്കുക. പാസ്‌വേർഡ് ഇടയ്ക്കിടെ മാറ്റുക.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടാൽ പരാതിപ്പെടുന്നതിന് ഹെൽപ്‌ലൈൻ സംവിധാനങ്ങൾ നിലവിലുണ്ട്.




ചിത്രം 11.8

ഓൺലൈൻ തട്ടിപ്പുകൾക്കെതിരെ സമൂഹത്തെ ബോധവൽക്കരിക്കാനായി പോസ്റ്റർ തയ്യാറാക്കൂ.

ബാങ്കുകളുടെ രൂപീകരണം മുതൽ ഡിജിറ്റൽ ബാങ്കിംഗ് വരെയുള്ള നൂതന സങ്കേതങ്ങൾ നാം പരിചയപ്പെട്ടല്ലോ. സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിൽ ബാങ്കുകൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. സാങ്കേതികവിദ്യയുടെ വളർച്ച ബാങ്കിംഗ് സേവനങ്ങളും പണമിടപാടുകളും കൂടുതൽ സുഗമമാക്കിയിരിക്കുന്നു. എല്ലാവിഭാഗം ജനങ്ങൾക്കും ബാങ്കിംഗ് സേവനങ്ങൾ പ്രാപ്യമാക്കുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ട്. വർത്തമാന കാലത്ത് ബാങ്കിംഗ് ഇടപാടുകളിൽ കൂടുതൽ ശ്രദ്ധയും സൂക്ഷ്മതയും പുലർത്തേണ്ടത് അനിവാര്യമാണ്.

## തുടർപ്രവർത്തനങ്ങൾ

- നിങ്ങളുടെ വിദ്യാലയത്തിലെ മേലധികാരിയുമായി അഭിമുഖം നടത്തി സ്കൂളിലെ വിവിധ അക്കൗണ്ടുകൾ ഏതൊക്കെയെന്ന് പട്ടികപ്പെടുത്തൂ.
- ബാങ്ക് സന്ദർശിച്ച് അവിടെ നടക്കുന്ന സാമ്പത്തിക ഇടപാടുകൾ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കൂ.
- ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിച്ച് സാമൂഹ്യശാസ്ത്ര ക്ലബിന്റെ നേതൃത്വത്തിൽ ബോധവൽക്കരണക്ലാസ് സംഘടിപ്പിക്കൂ.
- ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ലോഗോകൾ ശേഖരിച്ച് 'എന്റെ സാമൂഹ്യശാസ്ത്ര നിരീക്ഷണ പുസ്തക'ത്തിൽ ചേർക്കൂ.
- താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് ഏത് അക്കൗണ്ടാണ് അനുയോജ്യമെന്ന് കണ്ടെത്തി വർക്ക്ഷീറ്റ് പൂർത്തിയാക്കൂ.

| സന്ദർഭം | അക്കൗണ്ട് |
|---|---|
| ചിട്ടി കിട്ടിയ പണം മക്കളുടെ ഭാവി വിദ്യാഭ്യാസത്തിനായി ബാങ്കിൽ നിക്ഷേപിക്കുന്നതിന് | സ്ഥിരനിക്ഷേപം |
| മാസാമാസം ലഭിക്കുന്ന പെൻഷൻ തുക നിക്ഷേപിക്കുന്നതിനും ചെലവിനായി പണം പിൻവലിക്കുന്നതിനും | |
| കച്ചവടത്തിലൂടെ ദിവസേന ലഭിക്കുന്ന വരുമാനം നിക്ഷേപിക്കുന്നതിനും ആവശ്യാനുസരണം പിൻവലിക്കുന്നതിനും | |
| സ്വന്തമായി ഒരു വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ എല്ലാ മാസവും നിശ്ചിത തുക നിക്ഷേപിക്കുന്നതിന് | |




# ജപ്പാൻ: ചരിത്രവും വർത്തമാനവും



1945 ആഗസ്റ്റ് 6, സഡാക്കോ സസാക്കിക്ക് വയസ്സ് രണ്ട്. ഹിരോഷിമയിൽ നിന്ന് രണ്ടു കിലോമീറ്റർ അകലെയായിരുന്നു സസാക്കി താമസിച്ചിരുന്നത്. ആകാശത്തിലൂടെ വിമാനങ്ങൾ പറന്നു നടക്കുന്ന കാഴ്ച കൗതുകത്തോടെ സസാക്കി നോക്കി നിന്നു. പക്ഷെ, ആ കൗതുകം അല്പസമയത്തിനുള്ളിൽ ഇല്ലാതായി. വിമാനത്തിൽ നിന്നും വർഷിച്ച ബോംബിന്റെ തീജ്വാലകൾ ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവൻ അപഹരിച്ചു. അല്പം അകലെയായിരുന്ന സസാക്കിയോട് ആ തീജ്വാലകൾ കരുണ കാണിച്ചു.

കാലം കടന്നുപോയി. അണുബോംബിൽ നിന്ന് പ്രസരിച്ച അണുവികിരണങ്ങൾ ചുറ്റുമുള്ളവരെ കൊന്നൊടുക്കിക്കൊണ്ടേയിരുന്നു. സഡാക്കോ സസാക്കിയോടും കാലം കരുണ കാണിച്ചില്ല. രക്താർബുദത്തിന്റെ രൂപത്തിൽ സസാക്കിയേയും അണുവികിരണങ്ങൾ ആക്രമിച്ചു.

ആശുപത്രിക്കിടക്കയിലും സസാക്കി ആശ കൈവെടിഞ്ഞില്ല. ആശുപത്രിയിൽ തന്റെ സുഹൃത്ത് ചിസുക്കോ ഹമാമോട്ടോ വരാറുണ്ടായിരുന്നു. ഒരു ദിവസം ഹമാമോട്ടോ കടലാസുകൊണ്ട് കൊക്കിനെ ഉണ്ടാക്കാൻ സസാക്കിയെ പഠിപ്പിച്ചു. ജപ്പാൻകാർക്ക് ഒരു വിശ്വാസമുണ്ടായിരുന്നു, ആയിരം കൊക്കുകൾ ഉണ്ടാക്കിയാൽ അവർ ആഗ്രഹിക്കുന്ന കാര്യം സാധിക്കുമെന്ന്. അത് സസാക്കിയെ ആവേശം കൊള്ളിച്ചു. ആയിരം കൊക്കുകൾ ഉണ്ടാക്കും, താൻ രോഗമുക്തയാകും എന്ന് അവൾ വിശ്വസിച്ചു.

കടലാസ് കിട്ടാൻ അന്നത്ര എളുപ്പമായിരുന്നില്ല. മരുന്ന് പൊതിഞ്ഞിരുന്ന കടലാസുകൾക്കായി അവർ അടുത്ത മുറികൾ കയറിയിറങ്ങി. സ്കൂളിൽ നിന്നും കൂട്ടുകാർ കടലാസുകൾ എത്തിച്ചുകൊടുത്തു. എന്നാൽ വിധി മറ്റൊന്നായിരുന്നു. ആയിരം കൊക്കുകൾ എന്ന പ്രതീക്ഷ പൂർത്തിയാക്കാൻ രോഗം സസാക്കിയെ അനുവദിച്ചില്ല. 644 കൊക്കുകൾ മാത്രം പൂർത്തിയാക്കി 1955 ഒക്ടോബർ 25 ന് സസാക്കി ഈ ലോകത്തോട് വിടപറഞ്ഞു. പ്രിയ സുഹൃത്ത് ചിസുക്കോ ഹമാമോട്ടോ നിറകണ്ണുകളോടെ സസാക്കിക്ക് വേണ്ടി ആയിരം കൊക്കുകൾ പൂർത്തിയാക്കി. ആ പ്രിയപ്പെട്ട കൊക്കുകൾക്കൊപ്പമാണ് സസാക്കിയെ അടക്കം ചെയ്തത്.

കടപ്പാട് : സഡാക്കോ ആന്റ് ദ തൗസൻഡ് പേപ്പർ ക്രെയിൻസ്

ഇന്നും പ്രത്യാശയുടെ പ്രതീകമായി എത്തുന്ന കടലാസുകൊക്കുകൾക്ക് സഡാക്കോ സസാക്കിയുടെ വേദനയുണ്ട്...പ്രതീക്ഷയുണ്ട്... അതിനൊപ്പം സമാധാനത്തിനു വേണ്ടിയുള്ള പുഞ്ചിരിയുമുണ്ട്...

ലോക ജനതയെ ഞെട്ടിച്ച സംഭവമായിരുന്നു 1945 ആഗസ്റ്റ് 6 ന് ജപ്പാനിലെ ഹിരോഷിമയിലും ആഗസ്റ്റ് 9 ന് നാഗസാക്കിയിലും അമേരിക്ക അണുബോംബ് വർഷിച്ചത്. ഇതിന്റെ പ്രത്യാഘാതങ്ങൾ ഇന്നും ജപ്പാൻ ജനത അനുഭവിച്ചുവരുന്നു. ബോംബാക്രമണത്തിൽ നിശ്ശേഷം തകർന്നടിഞ്ഞ ജപ്പാൻ അതിവേഗം ഉയർത്തെണീറ്റ് ഇന്ന് ലോകത്തെ വികസിത രാജ്യങ്ങളിലൊന്നായി തലയുയർത്തി നിൽക്കുന്നു.

ജപ്പാന്റെ ചരിത്രമറിയാൻ നിങ്ങൾക്കും താല്പര്യമില്ലേ... നമുക്ക് അന്വേഷിക്കാം...

കിഴക്കൻ ഏഷ്യയിലെ പസഫിക് തീരത്തുള്ള ഒരു ദ്വീപസമൂഹമാണ് ജപ്പാൻ. ആയിരക്കണക്കിന് ദ്വീപുകളാണ് ജപ്പാനിലുള്ളത്.

ഭൂപടം 12.1 ൽ ജപ്പാന്റെ സ്ഥാനം നിരീക്ഷിക്കൂ. പ്രധാന ദ്വീപുകൾ കണ്ടെത്തി എഴുതൂ.




ഭൂപടം 12.1

- ഹൊക്കൈഡോ
-
-
-

ഈ നാല് പ്രധാന ദ്വീപുകളിലായാണ് ജപ്പാൻ ജനതയിൽ ഭൂരിഭാഗവും അധിവസിക്കുന്നത്. വിശാലമായ കടൽത്തീരങ്ങൾ, ഉയർന്ന മലനിരകൾ, പർവതങ്ങൾ എന്നിവ ജപ്പാന്റെ ഭൂപ്രകൃതിയുടെ സവിശേഷതകളാണ്. നിരന്തരം ഭൂകമ്പങ്ങളും അഗ്നിപർവത സ്ഫോടനങ്ങളും അഭിമുഖീകരിക്കുന്ന രാജ്യമാണ് ജപ്പാൻ. അവിടത്തെ നദികൾ പൊതുവെ കുത്തനെ ഒഴുകുന്നതും വേഗത കൂടിയതുമാണ്. ജപ്പാനിലെ ഏറ്റവും നീളം കൂടിയ നദിയാണ് ഷിനാനോ.



ചിത്രം 12.1 ഷിനാനോ നദി



ചിത്രം 12.2 ജപ്പാനിലെ അഗ്നിപർവതം

ലോകഭൂപടം നിരീക്ഷിച്ച് ജപ്പാന്റെ അയൽ രാജ്യങ്ങൾ കണ്ടെത്തി എഴുതൂ.

- റഷ്യ
-
-
-

## ജപ്പാന്റെ ചരിത്രം

ജപ്പാന്റെ അയൽ രാജ്യങ്ങളായ ചൈനയും കൊറിയയും പ്രാചീന കാലം മുതൽ അവിടത്തെ സംസ്കാരത്തിൽ സ്വാധീനം ചെലുത്തിയിരുന്നു. ചൈനീസ് എഴുത്തു സമ്പ്രദായവും തത്വചിന്തയും സാഹിത്യവും കൊറിയയിലൂടെയാണ് ജപ്പാനിലെത്തിയത്. ജപ്പാനിൽ ബുദ്ധമതം പ്രചരിച്ചതും ഇത്തരത്തിലാണ്.



ചിത്രം 12.3 ജാപ്പനീസ് ബുദ്ധ പ്രതിമ

### സാഹിത്യം

ജപ്പാന്റെ പരമ്പരാഗത ചരിത്രം വിവരിക്കുന്ന കൃതിയാണ് സി.ഇ. എട്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട കൊജികി (Kojiki). ചരിത്രവും ഇതിഹാസവും ഇടകലർത്തിയ രീതിയിലാണ് ഇത് എഴുതിയിരിക്കുന്നത്. സി.ഇ. 10-ാം നൂറ്റാണ്ടോടെ ചൈനീസ് സാംസ്കാരിക സ്വാധീനത്തിൽ നിന്ന് സ്വതന്ത്രമാകാനുള്ള ശ്രമങ്ങൾ ജപ്പാൻ ആരംഭിച്ചു. ഇത് തനതായൊരു സംസ്കാരം രൂപപ്പെടുത്താൻ ജപ്പാനെ സഹായിച്ചു. ചൈനീസ് എഴുത്ത് രീതിയെ ലഘൂകരിച്ചുകൊണ്ട് ജാപ്പനീസ് ഭാഷയ്ക്ക് ഒരു പുതിയ ലിപി അവർ രൂപപ്പെടുത്തി. കഥകളും കവിതകളുമായി നിരവധി സാഹിത്യകൃതികൾ ജാപ്പനീസ് ഭാഷയിൽ എഴുതപ്പെട്ടു. കൊട്ടാരം എഴുത്തുകാരിയായിരുന്ന മുറസാക്കി ഷിക്കിബു എഴുതിയ 'ജെഞ്ചിയുടെ കഥ' (The Tale of Genji) ഇവയിൽ ഏറെ പ്രസിദ്ധമാണ്.




ചിത്രം 12.4 ജാപ്പനീസ് ലിപി

### ഷിന്റോയിസം

ജപ്പാനിലെ പരമ്പരാഗത മതവിശ്വാസമാണ് ഷിന്റോയിസം. 'ദൈവത്തിന്റെ പാത' എന്നാണ് ഷിന്റോ എന്ന വാക്കിനർഥം. ആരാധനാമൂർത്തികളെ പൊതുവെ 'കാമി' എന്നാണ് വിളിച്ചിരുന്നത്. സൂര്യദേവതയായ 'അമതരേസു' ആയിരുന്നു ഇതിൽ പ്രധാനം. സൂര്യദേവതയുടെ പിൻഗാമിയായാണ് ചക്രവർത്തിമാരെ കരുതിപോന്നിരുന്നത്. ഷിന്റോയിസത്തിന്റെ തലവന്മാരായിരുന്നു ഈ ചക്രവർത്തിമാർ.



ചിത്രം 12.5 ഷിന്റോ ആരാധനാലയം

### ഭക്ഷണം

പ്രാചീനകാലം മുതൽ അരിയായിരുന്നു ജപ്പാൻകാരുടെ പ്രധാന ഭക്ഷണം. വേവിച്ച് കഴിച്ചിരുന്ന ഈ ഭക്ഷണത്തെ 'ഗൊഹൻ' (Gohan) എന്നാണ് വിളിച്ചിരുന്നത്. ചെറുധാന്യങ്ങളും (Millets) അവർ ഉപയോഗിച്ചിരുന്നു. പോഷകാഹാരം എന്ന നിലയ്ക്ക് മത്സ്യം ഭക്ഷണത്തിന്റെ ഭാഗമായിരുന്നു. അസംസ്കൃത മത്സ്യവിഭവമായ 'സുഷി' ഇന്ന് ലോകമെമ്പാടും അറിയപ്പെടുന്ന ജനപ്രിയ ജാപ്പനീസ് വിഭവമാണ്. ചൈനീസ് സ്വാധീനത്തിന്റെ ഫലമായി നൂഡിൽസും അവരുടെ ഭക്ഷണത്തിന്റെ ഭാഗമായി.



ചിത്രം 12.6 സുഷി



ചിത്രം 12.7
കിമോണോ വസ്ത്രം

## വസ്ത്രം

ജപ്പാനിലെ പരമ്പരാഗത വസ്ത്രമാണ് കിമോണോ. രാജസദസ്സുകളിലാണ് ഇത് പ്രധാനമായും ഉപയോഗിച്ചിരുന്നത്. സ്ത്രീകളും പുരുഷൻമാരും കിമോണോ (Kimono) എന്ന വസ്ത്രം ഉപയോഗിക്കുന്നു. ചൈനക്കാർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന നീളൻ വസ്ത്രങ്ങൾക്ക് (Long robe) സമാനമായിരുന്നു ഇത്.

**വർക്ക്ഷീറ്റ് പൂർത്തിയാക്കൂ.**

| ജപ്പാൻ | |
|---|---|
| സാഹിത്യം | ......................., ........................... |
| ........................................... | പരമ്പരാഗത മതവിശ്വാസം |
| ഭക്ഷണം | ......................., ........................... |
| വസ്ത്രം | ................................................. |

## ഷോഗൺ ഭരണം



ചിത്രം 12.8
സമുറായ് യോദ്ധാവ്

കാലങ്ങളായി ചക്രവർത്തിമാരാണ് ജപ്പാൻ ഭരിച്ചിരുന്നത്. എന്നാൽ പന്ത്രണ്ടാം നൂറ്റാണ്ടോടെ രാജ്യത്തിന്റെ ഭരണം ചക്രവർത്തിമാരിൽ നിന്ന് ഷോഗൺമാർ എന്നറിയപ്പെട്ടിരുന്ന സൈനിക മേധാവികളുടെ കൈകളിൽ എത്തിച്ചേർന്നു. നാമമാത്ര ഭരണാധികാരിയായി ത്തീർന്ന ചക്രവർത്തിയുടെ പേരിൽ ഷോഗൺമാർ ഭരണം നടത്തി. ഈ ഭരണത്തിൻ കീഴിൽ ജപ്പാനെ 250-ൽ അധികം പ്രാദേശിക മേഖലകളാക്കി വിഭജിച്ചു. അവയുടെ നിയന്ത്രണം ഡെയ്മിയോ (Daimyo) എന്ന് വിളിക്കപ്പെടുന്ന പ്രഭുക്കളുടെ ഭരണത്തിൻ കീഴിലാക്കി. ഭരണത്തിൽ സ്വാധീനമുണ്ടായിരുന്ന യോദ്ധാക്കളുടെ വിഭാഗമായിരുന്നു സമുറായികൾ (Samurais). ഇവർ ഷോഗൺമാരെയും ഡെയ്മിയോമാരെയും സേവിച്ചിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ നടന്ന 'മെയ്ജി പുനഃസ്ഥാപനം' ഷോഗൺ ഭരണം ജപ്പാനിൽ അവസാനിക്കുന്നതിന് കാരണമായി.

**ഡെയ്മിയോകൾ**

ജപ്പാനിലെ ഫ്യൂഡൽ പ്രഭുക്കൻമാരായിരുന്നു ഡെയ്മിയോകൾ. 12-ാം നൂറ്റാണ്ടു മുതൽ 19-ാം നൂറ്റാണ്ടുവരെ ജപ്പാനിലെ പ്രവിശ്യകളെ നിയന്ത്രിച്ചിരുന്നത് ഇവരായിരുന്നു.

## മെയ്ജി പുനഃസ്ഥാപനം

വിദേശികളുടെ ആധിപത്യത്തിൽ നിന്ന് രക്ഷപ്പെട്ട ഏഷ്യൻ രാജ്യമായിരുന്നു ജപ്പാൻ. പല രാജ്യങ്ങളും ജപ്പാനുമായി വ്യാപാരബന്ധം സ്ഥാപിക്കുന്നതിന് ശ്രമിച്ചു. അമേരിക്കക്കാരനായ കമ്മോഡോർ മാത്യുപെറി 1853 -ൽ ജപ്പാനിലെത്തുകയും അവരുമായി വ്യാപാരാനുമതി സാധ്യമാക്കുകയും ചെയ്തു. മാത്യുപെറിയുടെ ആഗമനം ജപ്പാന്റെ രാഷ്ട്രീയചരിത്രത്തെ മാറ്റിമറിച്ചു.



ചിത്രം 12.9 മാത്യുപെറിയുടെ ആഗമനം-ചിത്രീകരണം

1868 -ൽ നടന്ന ഒരു നീക്കത്തിലൂടെ ഷോഗൺമാർ അധികാരത്തിൽ നിന്ന് ബലമായി പുറത്താക്കപ്പെടുകയും ചക്രവർത്തി സുപ്രധാന അധികാര കേന്ദ്രമായി തിരിച്ചുവരുകയും ചെയ്തു. എദോ നഗരത്തെ തലസ്ഥാനമായി പ്രഖ്യാപിച്ചു. പിന്നീടതിനെ ടോക്കിയോ (Tokyo) എന്ന് പുനർനാമകരണം ചെയ്തു. ഇത് 'മെയ്ജി പുനഃസ്ഥാപനം' (The Meiji Restoration) എന്നറിയപ്പെടുന്നു.

### ഭരണത്തിലുണ്ടായ മാറ്റം

'ഫുക്കോകു ക്യോഹി' (Fukoku Kyohei)- 'സമ്പന്നമായ രാജ്യം, ശക്തമായ സൈന്യം' എന്ന ആശയത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പുതിയ നയത്തിന് മെയ്ജി ഗവൺമെന്റ് തുടക്കം കുറിച്ചു. രാജ്യത്തെ ശക്തിപ്പെടുത്താനായി മെയ്ജി ഗവൺമെന്റ് പുതിയ ഭരണസമ്പ്രദായം നടപ്പിലാക്കി. സൈന്യത്തെയും ഉദ്യോഗസ്ഥരെയും ചക്രവർത്തിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലാക്കി. ഇരുപത് വയസ് തികഞ്ഞ എല്ലാ യുവാക്കൾക്കും നിശ്ചിത കാലയളവ് സൈനികസേവനം നിർബന്ധമാക്കി.

### വിദ്യാഭ്യാസ സമ്പ്രദായം

**1870** കളിൽ ജപ്പാൻ പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തിന് തുടക്കം കുറിച്ചു.

**വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൊണ്ടുവന്ന മാറ്റങ്ങൾ**

- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസം നിർബന്ധമാക്കി
- പാശ്ചാത്യ മാതൃകകൾ അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതി രൂപപ്പെടുത്തി
- രാജ്യത്തോടുള്ള കൂറിനും ജാപ്പനീസ് ചരിത്രത്തെക്കുറിച്ചുള്ള പഠനത്തിനും ഊന്നൽ നൽകി
- കുട്ടികൾ മാതാപിതാക്കളെ ബഹുമാനിക്കുന്നതിനും രാജ്യത്തോട് വിശ്വസ്തരായിരിക്കുന്നതിനും പാഠപുസ്തകങ്ങൾ പ്രാധാന്യം നൽകി.

## സാമ്പത്തിക പുരോഗതി

മെയ്ജി പരിഷ്കാരങ്ങളിലെ മറ്റൊരു പ്രധാന ഘടകമായിരുന്നു സമ്പദ്‌വ്യവസ്ഥയുടെ ആധുനികവൽക്കരണം.

**സാമ്പത്തിക പുരോഗതിക്ക് ഇടയാക്കിയ ഘടകങ്ങൾ**

- 1870-72 ൽ ടോക്കിയോയ്ക്കും യോക്കോഹാമ തുറമുഖത്തിനും ഇടയിൽ ജപ്പാനിലെ ആദ്യത്തെ റെയിൽവേപ്പാത നിർമ്മിച്ചു
- തുണി നെയ്ത്തുയന്ത്രങ്ങൾ യൂറോപ്പിൽ നിന്ന് ഇറക്കുമതി ചെയ്തു
- തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിന് വിദേശ സാങ്കേതിക വിദഗ്ധരെ നിയോഗിച്ചു
- ജപ്പാനിലെ വിദ്യാർഥികളെ വിദേശത്തേക്കയച്ചു പഠിപ്പിച്ചു

ആധുനികവൽക്കരണത്തിന്റെ ഭാഗമായി നിരവധി വ്യവസായങ്ങൾ ജപ്പാനിൽ ആരംഭിച്ചു. അഞ്ചുപേരിൽ താഴെമാത്രം പണിയെടുത്തിരുന്ന ചെറു തൊഴിൽശാലകൾ മുതൽ നൂറുകണക്കിന് തൊഴിലാളികളെ പണിയെടുപ്പിച്ചിരുന്ന വൻവ്യവസായശാലകൾ വരെ ജപ്പാനിൽ സ്ഥാപിക്കപ്പെട്ടു. അങ്ങനെ ഒരു ആധുനിക ദേശരാഷ്ട്രം രൂപീകരിക്കുന്നതിൽ ജപ്പാൻ വിജയിച്ചു.

മെയ്ജി പുനഃസ്ഥാപനം മുതൽ സാമ്പത്തിക ശക്തിയായി വളർന്നതുവരെയുള്ള ജപ്പാന്റെ പുരോഗതി സൂചിപ്പിക്കുന്ന വിവരങ്ങൾ ശേഖരിക്കൂ. ഈ വിവരങ്ങൾ ഉൾപ്പെടുത്തി ചുമർപത്രിക തയ്യാറാക്കൂ.

## ജപ്പാന്റെ സാമ്രാജ്യ രൂപീകരണ ശ്രമങ്ങൾ

മെയ്ജി പുനഃസ്ഥാപനത്തോടെ രാഷ്ട്രകേന്ദ്രീകൃതമായ ദേശീയത ജപ്പാനിൽ ഉയർന്നുവന്നു. തങ്ങളുടെ സാമ്രാജ്യം ചൈനയിലേക്കും മറ്റ് ഏഷ്യൻ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാൻ വേണ്ടി ജപ്പാൻ യുദ്ധങ്ങളിൽ ഏർപ്പെട്ടു. അയൽ രാജ്യങ്ങളായ തായ്‌വാനെയും കൊറിയയെയും പിടിച്ചടക്കിക്കൊണ്ട് ഒരു കൊളോണിയൽ സാമ്രാജ്യം സ്ഥാപിച്ചു. തങ്ങളുടെ സംസ്കാരത്തിന്റെയും ആദർശങ്ങളുടെയും ഉറവിടമായ ചൈനയെയും യൂറോപ്യൻ ശക്തിയായ റഷ്യയെയും ചെറു രാജ്യമായ ജപ്പാൻ പരാജയപ്പെടുത്തി. സാമ്രാജ്യ രൂപീകരണത്തിനായുള്ള അവരുടെ തുടർന്നുള്ള ശ്രമങ്ങൾ

**ലോകയുദ്ധങ്ങൾ**

20-ാം നൂറ്റാണ്ടിൽ മനുഷ്യ ചരിത്രത്തിൽ വലിയ ഭീകരതയും മാറ്റങ്ങളുമുണ്ടാക്കിയ രണ്ട് യുദ്ധങ്ങളാണ് ഒന്നാം ലോകയുദ്ധവും (1914-1918) രണ്ടാം ലോകയുദ്ധവും (1939-1945). രണ്ടാം ലോകയുദ്ധത്തിലാണ് അണുബോംബ് ആദ്യമായി ഉപയോഗിച്ചത്.

കൂടുതൽ യുദ്ധങ്ങളിലേക്ക് നയിച്ചു. രണ്ടാം ലോക യുദ്ധകാലത്ത് ജപ്പാൻ അമേരിക്കയുടെ പേൾ ഹാർബർ ആക്രമിച്ചു. അമേരിക്ക ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബുകൾ വർഷിക്കുന്നതിന് ഇത് കാരണമായി.

അണുബോംബിന്റെ പ്രയോഗം ജപ്പാനിൽ അതിഭീകരമായ നാശനഷ്ടങ്ങളും കഷ്ടപ്പാടുകളും സൃഷ്ടിച്ചു. യുദ്ധാനന്തരം അമേരിക്കൻ അധിനിവേശത്തോടെ ജപ്പാന്റെ സൈന്യത്തെ പിരിച്ചുവിടുകയും ഒരു പുതിയ ഭരണഘടന നിലവിൽ വരുകയും ചെയ്തു.



ചിത്രം 12.10
അണുബോംബ് വർഷണം



ചിത്രം 12.11 അണുബോംബ് വർഷിക്കപ്പെട്ടതിന് ശേഷമുള്ള ഹിരോഷിമ

സാമ്രാജ്യ രൂപീകരണത്തിനായി ജപ്പാൻ നടത്തിയ ശ്രമങ്ങൾ പട്ടികപ്പെടുത്തൂ. ഇത് എപ്രകാരമാണ് ജപ്പാന്റെ വളർച്ചയെ പ്രതികൂലമായി ബാധിച്ചതെന്ന് വിശകലനം ചെയ്യൂ.

രണ്ടാം ലോകയുദ്ധത്തിൽ തകർന്നുവീണ ജപ്പാൻ അതിവേഗത്തിൽ പുരോഗതിയുടെ പാതയിലേക്ക് തിരിച്ചുവന്നു. ഈ പുനർനിർമ്മാണം 'യുദ്ധാനന്തര വിസ്മയം' എന്ന് വിശേഷിപ്പിക്കപ്പെട്ടു. തലസ്ഥാനമായ ടോക്കിയോയിൽ 1964- ൽ ഒളിമ്പിക്സ് സംഘടിപ്പിച്ചത് ജപ്പാന്റെ മടങ്ങിവരവിന്റെ പ്രഖ്യാപനമായിരുന്നു. വ്യവസായമേഖലയും വാണിജ്യമേഖലയും അതിവേഗം വളർന്നു. ഇതേ കാലയളവിൽ തുടക്കം കുറിച്ച മണിക്കൂറിൽ 200 മൈൽ വേഗതയിൽ വരെ ഓടുന്ന ബുള്ളറ്റ് ട്രെയിൻ ശൃംഖല ജപ്പാന്റെ സാങ്കേതിക വൈദഗ്ധ്യത്തിന് തെളിവായിരുന്നു. 1970 കളോടെ ജപ്പാൻ ലോകത്തെ ഒരു പ്രധാന സാമ്പത്തിക ശക്തിയായി ഉയർന്നുവന്നു. രാഷ്ട്രീയവും സാങ്കേതികവുമായ കഴിവുകൾ പ്രയോജനപ്പെടുത്തി എങ്ങനെ ലോകസാമ്പത്തിക ശക്തികളിലൊന്നായി മാറാം എന്നതിന്റെ നേർക്കാഴ്ച കൂടിയാണ് ജപ്പാൻ.



ചിത്രം 12.12 ജപ്പാൻ നഗരം

## തുടർപ്രവർത്തനങ്ങൾ

- സഡാക്കോ കൊക്കുകൾ നിർമ്മിച്ച് സമാധാനത്തിന്റെ സന്ദേശം എഴുതി ക്ലാസ് അലങ്കരിക്കൂ.
- യുദ്ധവിരുദ്ധ റാലിക്കാവശ്യമായ പ്ലക്കാർഡുകൾ തയ്യാറാക്കൂ.
- ജപ്പാനിലെ ഭക്ഷണവിഭവങ്ങളുടെ ചിത്രങ്ങളും വിവരങ്ങളും ശേഖരിച്ച് ആൽബം/ ഡിജിറ്റൽ ആൽബം തയ്യാറാക്കൂ.
- 'മെയ്ജി പുനഃസ്ഥാപനവും ജപ്പാനിലുണ്ടായ മാറ്റങ്ങളും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കൂ.

# കുറിപ്പുകൾ

## കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***